18
2025
സെപ്റ്റംബർ
വ്യാഴം
കന്നി 2

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 233 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-233 പേജ് 4. വില 2.00 രൂപ




02 നീലത്തിരയിൽ വിരിയുന്ന സ്വപ്നം

03 വേണ്ടിവന്നാൽ ശത്രുക്കളെ വീട്ടിൽ കയറി ഇല്ലാതാക്കും: പ്രധാനമന്ത്രി

04 മോദിയുടെ ജന്മദിനം പള്ളിയിൽ നടത്താനുള്ള നീക്കത്തിൽ പ്രതിഷേധം

# കേരള – യൂറോപ്യൻ യൂണിയൻ കോൺക്ലേവിന് ഇന്ന് തുടക്കം

തിരുവനന്തപുരം: സംസ്ഥാന ഫിഷറീസ് വകുപ്പ് കേന്ദ്ര സർക്കാരിൻറെയും യൂറോപ്യൻ യൂണിയൻറെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന ബ്ലൂ ടൈഡ്സ്: കേരള-യൂറോപ്യൻ യൂണിയൻ ദ്വിദിന കോൺക്ലേവിന് ഇന്ന് (സെപ്റ്റംബർ 18) കോവളത്ത് തുടക്കമാകും. 'രണ്ട് തീരങ്ങൾ, ഒരേ കാഴ്ചപ്പാട്' എന്ന പ്രമേയത്തിൽ ദി ലീല റാവിസിൽ നടക്കുന്ന സമ്മേളനം 19 ന് രാവിലെ 9.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

സമുദ്രാധിഷ്ഠിത സാമ്പത്തിക വളർച്ചയിലൂടെയുള്ള സുസ്ഥിര വികസനവും തീരമേഖലയുടെ സമഗ്ര സമ്പദ്വ്യവസ്ഥയിലെ പങ്കാളിത്തവും ലക്ഷ്യമിട്ടുള്ള സമ്മേളനത്തിൽ യൂറോപ്യൻ രാജ്യങ്ങളിൽ നിന്ന് ഉൾപ്പടെ 500 -ലധികം പ്രതിനിധികൾ പങ്കെടുക്കും. ഫിൻലാൻഡ്, ഫ്രാൻസ്, ഹംഗറി, പോളണ്ട്, സ്ലൊവാക്യ, സ്ലൊവേനിയ, സ്വീഡൻ, ഡെൻമാർക്ക്, ബൾഗേറിയ, ഓസ്ട്രിയ, മാൾട്ട, സ്പെയിൻ, ഇറ്റലി, നെതർലാൻഡ്സ്, ബെൽജിയം, റൊമാനിയ, ജർമനി എന്നീ 17 യൂറോപ്യൻ രാജ്യങ്ങളുടെ പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്.നീല സമ്പദ്വ്യവസ്ഥയെക്കുറിച്ച് ഇന്ത്യയിലെയും യൂറോപ്പിലെയും വിദഗ്ധർ ചിന്തകൾ പങ്കുവെക്കുകയും പങ്കാളിത്തം സ്ഥാപിക്കുകയും ചെയ്യും. മറൈൻ ലോജിസ്റ്റിക്സ്, അക്വാകൾച്ചർ, സമുദ്ര മത്സ്യബന്ധനം, തീരദേശ ടൂറിസം, പുനരുപയോഗ സമുദ്രോർജ്ജം ഹരിത സാങ്കേതികവിദ്യകൾ തുടങ്ങിയ മേഖലകളിലെ കേരള- യൂറോപ്യൻ യൂണിയൻ പങ്കാളിത്തം സമ്മേളനം ചർച്ച ചെയ്യും. നൈപുണ്യ വികസനം, അക്കാദമിക് സഹകരണം, തൊഴിൽസാധ്യത, നയ നവീകരണം, സംയുക്ത ഗവേഷണ-വികസനം, സ്റ്റാർട്ടപ്പ് നവീകരണം എന്നിവയിലെ സംയുക്ത സംരംഭങ്ങൾ സമ്മേളനം ആരായും.

കേരളത്തിൻറെ വിശാലമായ സമുദ്രതീര സാധ്യതകളും യൂറോപ്യൻ യൂണിയൻറെ ശാസ്ത്രീയ-നയ വൈദഗ്ധ്യവും പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ സുസ്ഥിര സമുദ്രാധിഷ്ഠിത വികസന മാതൃകയായി വികസിപ്പിക്കുന്നതിനുള്ള രൂപരേഖ ഈ പരിപാടിയിൽ അവതരിപ്പിക്കും.

സമ്മേളനത്തിൽ പങ്കെടുക്കുന്ന യൂറോപ്യൻ യൂണിയൻ അംബാസഡർമാരും പ്രതിനിധികളും കേന്ദ്ര-സംസ്ഥാന ഉദ്യോഗസ്ഥരും ഇന്ന് (സെപ്റ്റംബർ 18) രാവിലെ കോവളം ഹവ്വാ ബീച്ചിലെ പരമ്പരാഗത മത്സ്യബന്ധന കേന്ദ്രം, വിഴിഞ്ഞം തുറമുഖം, കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജ് എന്നിവ സന്ദർശിക്കും. ഇന്ന് ഉച്ചയ്ക്ക് ശേഷം കേരളത്തിൻറെ തീര, മത്സ്യ മേഖലയുടെ സാധ്യതകളെക്കുറിച്ച് സംസ്ഥാന സർക്കാരിൻറെ വിവിധ വകുപ്പ് പ്രതിനിധികൾ യൂറോപ്യൻ രാജ്യങ്ങളുടെ പ്രതിനിധികളുമായി ചർച്ച നടത്തും.നാളെ (സെപ്റ്റംബർ 19) നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ ഫിഷറീസ് സാംസ്കാരിക യുവജനകാര്യ മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കും. ഇന്ത്യയിലെയും ഭൂട്ടാനിലെയും യൂറോപ്യൻ യൂണിയൻ അംബാസഡർ ഹെർവ് ഡെൽഫിൻ മുഖ്യപ്രഭാഷണം നടത്തും. കേന്ദ്ര ഫിഷറീസ് മൃഗസംരക്ഷണ ക്ഷീരവികസന മന്ത്രി രാജീവ് രഞ്ജൻ സിംഗ്, കേന്ദ്ര ഫിഷറീസ് മൃഗസംരക്ഷണ ക്ഷീര വികസന സഹമന്ത്രി ജോർജ് കുര്യൻ, പ്രതിപക്ഷനേതാവ് വി.ഡി സതീശൻ, സംസ്ഥാന ധനകാര്യ മന്ത്രി കെ.എൻ ബാലഗോപാൽ, ലുലു ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എം.എ യൂസഫലി എന്നിവർ വിശിഷ്ടാതിഥികളായിരിക്കും.യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിൽ നിന്നുള്ള അംബാസഡർമാർക്ക് പുറമേ സംസ്ഥാന മന്ത്രിമാരായ കെ.രാജൻ, കെ.കൃഷ്ണൻകുട്ടി, വി.ശിവൻകുട്ടി, പി.രാജീവ്, വി.എൻ വാസവൻ, പി.എ മുഹമ്മദ് റിയാസ്, ജി.ആർ അനിൽ, എം.ബി രാജേഷ്, ഡോ.ആർ ബിന്ദു, വീണ ജോർജ്, ഡോ. ശശി തരൂർ എംപി, എം. വിൻസെൻറ് എംഎൽഎ, മേയർ ആര്യ രാജേന്ദ്രൻ എന്നിവരും ഉദ്ഘാടന ചടങ്ങിൽ വിശിഷ്ടാതിഥികളായിരിക്കും.

സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, കേന്ദ്ര ഫിഷറീസ് മന്ത്രാലയം സെക്രട്ടറി ഡോ. അഭിലക്ഷ് ലിഖി, കേന്ദ്ര വിദേശകാര്യ മന്ത്രാലയം സെക്രട്ടറി (പശ്ചിമ) സിബി ജോർജ്, സംസ്ഥാന ഫിഷറീസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അബ്ദുൾ നാസർ ബി എന്നിവരും പങ്കെടുക്കും. തെരഞ്ഞെടുത്ത 100 നിക്ഷേപകർ, മത്സ്യമേഖലയുമായി ബന്ധപ്പെട്ട ട്രേഡ് യൂണിയൻ പ്രതിനിധികൾ, സർവകലാശാല പ്രതിനിധികൾ, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവരുടെയും സാന്നിധ്യമുണ്ടാകും. യൂറോപ്യൻ യൂണിയനിലെ അംബാസഡർമാർ, നിക്ഷേപകർ, കേന്ദ്ര-സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർ, നയരൂപ കർത്താക്കൾ, വ്യവസായ വിദഗ്ധർ തുടങ്ങിയവർ പങ്കെടുക്കുന്ന ആറ് പാനൽ സെഷനുകൾ കോൺക്ലേവിൽ ഉണ്ടായിരിക്കും.

## തൃശൂർ അതിരൂപത മുൻ മെത്രാപ്പോലീത്ത മാർ ജേക്കബ് തൂങ്കുഴി കാലം ചെയ്തു

തൃശൂർ: തൃശൂർ അതിരൂപത മുൻ മെത്രാപ്പോലീത്ത മാർ ജേക്കബ് തൂങ്കുഴി (94) കാലം ചെയ്തു. ഉച്ചകഴിഞ്ഞ് 2.50-നായിരുന്നു അന്ത്യം. 1930 ഡിസംബർ 13ന് പാലായിലെ വിളക്കുമാടം ഗ്രാമത്തിലായിരുന്നു മാർ ജേക്കബ് തൂങ്കുഴിയുടെ ജനനം. ബന്ധുമിത്രാദികൾ പിന്നീട് കോഴിക്കോട് തിരുവമ്പാടിയിലേക്കു കുടിയേറി. 1956 ഡിസംബറിൽ തലശേരി രൂപതയ്ക്കുവേണ്ടി റോമിലായിരുന്നു പൗരോഹിത്യ സ്വീകരണം.



1973-ൽ മാനന്തവാടി രൂപത രൂപംകൊണ്ടപ്പോൾ 43-ാം വയസിൽ പ്രഥമ മെത്രാനായി. സുദീർഘമായ 22 വർഷംകൊണ്ട് രൂപതയെ ആത്മീയ - സാമൂഹ്യവളർച്ചയിലേക്കു നയിച്ചു. 1995-ൽ താമരശേരി രൂപതയുടെ ഇടയനായി. 1996 ഡിസംബർ 18ന് തൃശൂർ ആർച്ച്ബിഷപ്പായി നിയമനം. 2007 മാർച്ച് 18ന് മാർ ആൻഡ്രൂസ് താഴത്തിനു ചുമതലകൾ കൈമാറി.സിബിസിഐ വൈസ് പ്രസിഡൻറായി മാർ ജേക്കബ് തൂങ്കുഴി ആറുവർഷം പ്രവർത്തിച്ചു. കാരിത്താസിന്റെ ചെയർമാനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ക്രിസ്തുദാസി സമൂഹത്തിന്റെ സ്ഥാപകൻ എന്ന നിലയിലും അദ്ദേഹം ശ്രദ്ധനേടി.

## സുവർണ ജൂബിലി ആഘോഷിച്ചു

തിരുവനന്തപുരം: രാജ്യത്തെ പ്രമുഖ ഓട്ടോമോട്ടീവ് ടയർ വാൽവ് നിർമാതാക്കളും ആഗോളതലത്തിൽ പ്രമുഖ വ്യവസായങ്ങളുടെ എൻജിനീയറിംഗ് പങ്കാളിയുമായ ട്രൈറ്റൺ വാൽവ്സ് ലിമിറ്റഡ് അമ്പതാം വാർഷികം ആഘോഷിച്ചു. ബംഗളൂരുവിൽ നടന്ന ആഘോഷപരിപാടിയിൽ മൈസൂർ മഹാരാജാവ് ഹിസ് ഹൈനസ് യദുവീർ കൃഷ്ണദത്ത ചാമരാജ വാഡിയാർ, ഇൻഫോസിസ് സഹസ്ഥാപകനും ചെയർമാനുമായ നന്ദൻ നിലേകനി, ആതർ എനർജി സഹസ്ഥാപകൻ സ്വപ്നിൽ ജെയിൻ തുടങ്ങിയവർ പങ്കെടുത്തു.

## ഗിന്നസ് ലോക റെക്കോർഡ് നേടി ആന്ധ്ര

തിരുവനന്തപുരം: ഏറ്റവും കൂടുതൽ ആളുകൾ ഒരു സംരംഭകത്വ പ്രോഗ്രാമിലേക്ക് ഓൺലൈനായി സൈൻ അപ്പ് ചെയ്തതിനുള്ള ഗിന്നസ് ലോക റെക്കോർഡ് ആന്ധ്ര സ്ഥാപിച്ചു. ആന്ധ്രാപ്രദേശ് ഇന്നവേഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 19ന് ഉച്ചയ്ക്ക് 12.30നും ഓഗസ്റ്റ് 20ന് ഉച്ചയ്ക്ക് 12.30നും ഇടയിൽ 1,63,254 രജിസ്ട്രേഷനുകൾ നടത്തിയാണ് ഗിന്നസ് ലോക റെക്കോർഡ് സ്ഥാപിച്ചത്.

## ശബരിമലയിലെ സ്വർണപ്പാളിയുടെ ഭാരം കുറഞ്ഞെന്ന കണ്ടെത്തൽ: വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ട് ഹൈക്കോടതി

കൊച്ചി: ശബരിമലയിലെ സ്വർണപ്പാളിയുടെ ഭാരം കുറഞ്ഞതിൽ വിശദമായ അന്വേഷണത്തിന് ഉത്തരവിട്ട് ഹൈക്കോടതി. വിജിലൻസിനാണ് അന്വേഷണ ചുമതല. അന്വേഷണം നടത്തി മൂന്നാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കാനാണ് ഹൈക്കോടതി നിർദേശം. 2019ൽ സ്വർണപ്പാളി കൊണ്ടുപോകുന്പോൾ 42 കിലോ ആയിരുന്നു ഭാരം. തിരികെ എത്തിക്കുന്പോൾ നാലു കിലോഗ്രാം ഭാരം കുറഞ്ഞതായാണ് കണ്ടെത്തിയത്. വിചിത്രമായ സംഭവമാണിതെന്നും കോടതി നിരീക്ഷിച്ചു. മഹസർ രേഖകൾ കോടതി പരിശോധിച്ചു. അന്വേഷണത്തിന് ദേവസ്വം ബോർഡ് സഹകരിക്കണമെന്ന് കോടതി നിർദേശിച്ചിട്ടുണ്ട്. പെട്രോൾ ആണെങ്കിൽ കുറവ് സംഭവിക്കാം ഇത് സ്വർണമല്ലേ എന്നും കോടതി ചോദിച്ചു. ദ്വാരപാലക ശിൽപങ്ങളുടെ രണ്ട് പീഠങ്ങളുടെയും സ്പെയർ സ്ട്രോംഗ് റൂമിൽ ഉണ്ടോ എന്ന് പരിശോധിക്കണമെന്നും കോടതി ഉത്തരവിട്ടു. ദേവസ്വത്തിനുവേണ്ടി ദേവസ്വം ചീഫ് സെക്യൂരിറ്റി ഓഫീസറാണ് വിവരങ്ങൾ നേരിട്ട് ഹാജരാക്കിയത്.



അജിത് ലോറൻസിന്റെ കഥാസമാഹാരം 'ബാക്ക് പാക്കർ' പ്രകാശനച്ചടങ്ങിൽ മാധ്യമപ്രവർത്തകൻ എൻ പി ചന്ദ്രശേഖരൻ, ബിജെപി നേതാവ് ജെ ആർ പത്മകുമാർ, സംസ്ഥാന പ്രതിപക്ഷനേതാവ് വി ഡി സതീശൻ, കഥാകൃത്തുക്കളായ ജോൺ സാമുവൽ, സി അനൂപ്, എഴുത്തുകാരി ഷിലോ കെ ദേവ്, ആർട്ടിസ്റ്റ് ഡെന്നി ആന്റണി എന്നിവർ വേദിയിൽ.

## കാൻസർ ചികിത്സയിൽ അതിനൂതന കണ്ടുപിടുത്തം ഡോ. ജലധര ശോഭനന് ആഗോള അംഗീകാരം



തിരുവനന്തപുരം: ഹ്യൂസ്റ്റണിലെ ബെയ്‌ലർ കോളജ് ഓഫ് മെഡിസിനിൽ പോസ്റ്റ് ഡോക്ടറൽ അസോസിയേറ്റും മലയാളിയുമായ ഡോ. ജലധര ശോഭനന് നാനോ ടെക്നോളജിയിൽ ആഗോള അംഗീകാരം. കാൻസറിനു കാരണമായേക്കാവുന്ന കോശങ്ങളെ നശിപ്പിക്കുന്നതിനായി ഫോട്ടോ സെൻസിറ്റൈസറും അൾട്രാസെൻസിറ്റീവ് ഓക്സിജൻ സെൻസറുമായി സംയോജിപ്പിക്കുന്ന നാനോ ഉപകരണം വികസിപ്പിച്ചെടുത്തതിനാണ് ഡോ. ജലധരക്ക് ആഗോള അംഗീകാരം ലഭിച്ചത്.

കാൻസർ ചികിത്സയിലെ പ്രധാന വെല്ലുവിളിയായ കാൻസർ കോശങ്ങളുടെ സമയബന്ധിതമായ തിരിച്ചറിയലിന് ഒരു മില്ലിലിറ്റർ രക്തത്തിൽ 110 സർക്കുലേറ്റിംഗ് ട്യൂമർ സെല്ലുകൾ വരെ കണ്ടെത്താൻ കഴിവുള്ള ലിക്വിഡ് ബയോപ്സി പ്ലാറ്റ്ഫോം ഡോ. ജലധര വികസിപ്പിച്ചിട്ടുണ്ട്. ഈ കണ്ടുപിടുത്തത്തിന് ജാപ്പനീസ് ഫോട്ടോകെമിസ്ട്രി അസോസിയേഷന്റെ ജെപിപിഎ രസതന്ത്ര അവതരണ പുരസ്കാരം ലഭിച്ചിട്ടുണ്ട്. ലോകമെമ്പാടുമുള്ള 260 ഗവേഷകരിൽ നിന്നാണ് ഡോ. ജലധാര ശോഭനനെ ഈ അവാർഡിനായി തെരഞ്ഞെടുത്തത്. നാനോടെക്നോളജി രംഗത്തെ സുരക്ഷയ്ക്കും പാരിസ്ഥിതിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള സംഭാവനകളും ഡോ. ജലധാര നൽകിയിട്ടുണ്ട്. കേശവദാസപുരം കൊല്ലവിള സ്വദേശിനിയായ ഡോ. ജലധര പട്ടം കേന്ദ്രീയ വിദ്യാലയയിൽ ആയിരുന്നു സ്കൂൾ വിദ്യാഭ്യാസം. വിമൻസ് കോളജിൽ നിന്നും ബിരുദവും എംജി യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദാനന്ദര ബിരുദവും നേടി. റിട്ടയേർഡ് എയർ ഫോഴ്സ് ഉദ്യോഗസ്ഥൻ ശോഭനന്റെയും ബീനയുടെയും മകളാണ് ഡോ. ജലധര.



# നീലത്തിരയിൽ വിരിയുന്ന സ്വപ്നം

**യേശുദാസ് വില്യം**

തിരുവനന്തപുരം: കേരളത്തിന്റെ തീര,മൽസ്യമേഖലയെ കേന്ദ്രബിന്ദുവാക്കിക്കൊണ്ട് ബ്ലൂ എക്കോണമിയുടെ അടിസ്ഥാനത്തിൽ ഒരു അന്താരാഷ്ട്ര കോൺക്ലേവ്.യൂറോപ്യൻ യൂണിയനിലെ പ്രതിനിധികളും,കേന്ദ്ര,സംസ്ഥാന സർക്കാരുകളുടെ സമുദ്ര ന,ഫിഷറീസ് നയരൂപീകരണ വിദഗ്ധരും പങ്കെടുക്കുന്ന കോൺക്ലേവിനു 'ബ്ലൂ ടൈഡ്സ് 'എന്നാണ് പേര്.കേരളത്തിന്റെ തീരത്തിനും,സമുദ്രമേഖലക്കും,മൽസ്യ സമൃദ്ധിക്കുമായി കേന്ദ്രവും കേരളവും കൈകോർത്തു കൊണ്ട് ഒരു കോൺക്ലേവ് അത്യന്തം പ്രതീക്ഷാ നിർഭരമാണ്.തകർന്നടിഞ്ഞു കിടക്കുന്ന കേരളത്തിലെ മൽസ്യമേഖലക്കും,മൽസ്യത്തൊഴിലാളികൾക്കും,മാരിടൈം മേഖലക്കും ഉണർവ്വു പകരുന്ന ആശയരൂപീകരണങ്ങൾ ഉണ്ടാവുമെന്നു ഈ മേഖലയിലുള്ളവർ പ്രതീക്ഷയർപ്പിക്കുന്നു.

യൂറോപ്യൻയൂണിയൻ പ്രതിനിധികളായി കോവളം ലീല ഹോട്ടലിൽ എത്തുന്ന വിദേശ പ്രതിനിധികൾ നിശ്ചയിച്ചതിൻ പ്രകാരം ആദ്യം സന്ദർശിക്കുന്നത് കോവളത്തെ പരമ്പരാഗത കടൽത്തീരമാണ്.ഹവ്വാബീച്ചിനോടു ചേർന്നുള്ള തീരത്തുള്ളത് കരമടിയും അതിനുപയോഗിക്കുന്ന താങ്ങുവള്ളങ്ങളുമാണ്.അതല്ല കേരളത്തിലെ മൽസ്യബന്ധനം.കോവളത്തിനു തൊട്ടു കിടക്കുന്ന വിഴിഞ്ഞത്തു വന്നാൽ വിദേശ പ്രതിനിധികൾക്ക് പരമ്പരാഗത മേഖലയിലെ ഫിഷ് ലാൻഡിംഗ് സെന്റർ കാണാം.അവിടെ 'യൂറോപ്യൻ' നിലവാരത്തിലുള്ള 'ഹൈജിനി'ക്കായ ഹാർ



ബറും പരിസരങ്ങളും കാണാം.മൽസ്യവിപണനം നടത്തുന്ന നമ്മുടെ അമ്മമാരെ കാണാം. അവർ മീനുകൾക്കായി പേശുന്നതു കാണാം.നമ്മുടെ വികസനം വരുത്തിയ മാറ്റങ്ങൾ കാണാം.തൊട്ടപ്പുറത്തെ അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്‌മെന്റ തുറമുഖം കാണാം.തീരത്തണയുന്ന ഫൈബർ വള്ളങ്ങളും അതിൽ വന്നണയുന്ന കേരളത്തിലെ ശേഷിക്കുന്ന നമ്മുടെ സ്വന്തം മുക്കുവൻമാരെ അല്ലെങ്കിൽ കേരളത്തിന്റെ 'സൈന്യ'ത്തെ യൂറോപ്യൻ യൂണിയനിൽ നിന്നുള്ള പ്രതിനിധികൾക്കു കാണിച്ചു കൊടുക്കാം.കുറച്ചു കൂടി വടക്കോട്ടു ചെന്നാൽ മുതലപ്പൊഴിയിൽ കടലടിയേറ്റും ജീവൻ പണയം വെച്ചും മൽസ്യബന്ധനം നടത്തുവാൻ കടലിൽ പോകുന്ന ലോകത്തു തന്നെ അപൂർവ്വമായജനുസ്സിൽപ്പെട്ട മീൻ പിടുത്തക്കാരെ കാണാം.അതിനും വടക്കോട്ടു ചെന്നാൽ കൊല്ലം കടപ്പുറത്തു തീരത്തണയുന്ന വള്ളങ്ങൾ ചുമലിൽ കെട്ടി നിർത്തിയിരിക്കുന്ന 'ബന്ധനസ്ഥ'രായ മൽസ്യത്തൊഴിലാളികളെ കാണാം.അതിനപ്പുറത്ത് നോർവ്വേക്കാർ പകർന്നു നൽകിയ ട്രോളിംഗ് മൽസ്യബന്ധനത്തിന്റെ പൂർണ്ണതയും കാണാം.വടക്കോട്ടു വടക്കോട്ട് കാസർകോട് വരെ വൈവിധ്യമാർന്ന മൽസ്യമേഖല പടർന്നു കിടക്കുന്നു.

ഹാർബർ എൻജനീയറിംഗ് വിഭാഗവും,മാരിടൈം ബോർഡും നിയന്ത്രണം കൈവശവെച്ചിരിക്കുന്ന കേരളത്തിന്റെ തീരങ്ങൾ.ഇപ്പോൾ ഇതിൽ ഭൂരിഭാഗവും സ്വകാര്യമേഖലക്ക് പാട്ടത്തിനു കൊടുക്കുവാനുള്ള പത്രപരസ്യങ്ങൾ കാണാം.അങ്ങിനെ യാതൊരു നിയന്ത്രണമോ,ദിശാബോധമോ ഇല്ലാതെ സഞ്ചരിക്കുന്ന തുറമുഖ,ഫിഷറീസ് മേഖലക്ക് കോൺക്ലേവ് നൽകുന്നത് എന്താവും.എന്തു തന്നെയാണെങ്കിലും ഇതൊക്കെ നടപ്പിലാക്കേണ്ടത് ആരാണ്. മൽസ്യമേഖലക്കു വേണ്ടി നിരവധി കേന്ദ്ര പദ്ധതികൾ ഉണ്ട്.അതു നടപ്പിലാക്കുവാൻ ഫിഷറീസ് വകുപ്പും നരേന്ദ്രമോദി അനുവദിച്ചിരിക്കുന്നു.എന്നാൽ അവരുടെ ഒരു പദ്ധതികളും ഇവിടെ ലക്ഷ്യം കണ്ടെത്തുന്നില്ല.ഡീപ് സീ മൽസ്യബന്ധനത്തിനുള്ള ട്രോളറുകൾ തന്നെ ഉദാഹരണം.സൊസൈറ്റികൾ കൊക്കലാക്കിയ ട്രോളറുകൾ യഥാർത്ഥ മൽസ്യത്തൊഴിലാളികളുടെ കൈകളിൽ എത്തിയിട്ടില്ല.പലയിടത്തും പോലീസ് ബോട്ടുകളായി കെട്ടിയിട്ടിരിക്കുകയാണ്.ഏതായാലും കേന്ദ്രമന്ത്രിമാരും,സംസ്ഥാന മന്ത്രിമാരും ഉദ്യോഗസ്ഥരും മൽസ്യമേഖലയിലെ ട്രേഡ് യൂണിയൻ പ്രതിനിധികളും പങ്കെടുക്കുന്ന കോൺക്ലേവിൽ പുതിയ വികസനസ്വപ്നങ്ങൾഉണ്ടാകുവാനായി കാത്തിരിക്കാം.

# സപ്ലൈകോ സബ്സിഡി സാധനവില കുറയ്ക്കും

വെളിച്ചെണ്ണയുൾപ്പെടെ സപ്ലൈകോ വഴി നൽകുന്ന സബ്സിഡി സാധനങ്ങളുടെ വില കുറയ്ക്കുമെന്ന് പി.എസ്. സുപാൽ എം.എൽ.എക്ക് നൽകിയ മറുപടിയിൽ ഭക്ഷ്യ വകുപ്പുമന്ത്രി ജി.ആർ. അനിൽ നിയമ സഭയെ അറിയിച്ചു. ശബരി സബ്സിഡി വെളിച്ചെണ്ണയുടെ വില ലിറ്ററിന് 339 രൂപയിൽ നിന്നും 319 ആയും ശബരി നോൺ സബ്സിഡി 389 രൂപയിൽ നിന്ന് 359 രൂപയായും കേര വെളിച്ചെണ്ണയുടെ വില 429 രൂപയിൽ നിന്നും 419 രൂപയായും കുറയ്ക്കും. തുവര പരിപ്പിന്റെ വില കിലോഗ്രാമിന് 93 രൂപയിൽ നിന്ന് 88 രൂപയായും ചെറുപയറിന്റെ വില 90 രൂപയിൽ നിന്ന് 85 രൂപയായും കുറയ്ക്കും. പുതുക്കിയ നിരക്കുകൾ സെപ്റ്റംബർ 22 മുതൽ പ്രാബല്യത്തിൽ വരും. ഓണക്കാലത്ത് അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി ഓരോ റേഷൻകാർഡിനും 20 കിലോഗ്രാം അരി 25 രൂപ വിലയ്ക്ക് നൽകിയിരുന്നു. ഇത് തുടർന്നും സപ്ലൈകോ വിൽപനശാലകൾ വഴി നൽകുന്നതാണെന്നും മന്ത്രി ഉറപ്പുനൽകി. ഓണക്കാലത്ത് ഫലപ്രദമായി വിപണിയിൽ ഇടപെട്ട് അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്താനും വിലക്കയറ്റം നിയന്ത്രിക്കാനും സർക്കാരിന് കഴിഞ്ഞു. സപ്ലൈകോയുടെ ചരിത്രത്തിലെ എക്കാലത്തേയും പ്രതിദിന വില്പന റെക്കോഡ് മറികടന്നു. 56.73 ലക്ഷം കാർഡുടമകൾ സാധനങ്ങൾ കൈപ്പറ്റി. 386 കോടി രൂപയുടെ ആകെ വിറ്റുവരവ് ഉണ്ടായതിൽ 180 കോടി രൂപയുടെ സബ്സിഡി വില്പനയിൽ നിന്നാണെന്നും മന്ത്രി അറിയിച്ചു.

# എസ്എഫ്ഐ മുൻ നേതാവ് ജയകൃഷ്ണന് മർദനമേറ്റ സംഭവം; വിശദീകരണം തേടി ഹൈക്കോടതി

കൊച്ചി: പത്തനംതിട്ട എസ്എഫ്ഐ മുൻ നേതാവ് ജയകൃഷ്ണൻ തണ്ണിത്തോടിനെ പോലീസ് മർദിച്ച സംഭവത്തിൽ സർക്കാരിനോട് ഹൈക്കോടതി വിശദീകരണം തേടി. 2012 ഒക്ടോബറിൽ കോന്നി സിഐ ആയിരുന്ന മധു ബാബു മർദിച്ചെന്നാണ് ആരോപണം. ഡിവൈഎസ്പി മധു ബാബുവിനെതിരെ കേസെടുക്കണമെന്ന ഹർജിയിലാണ് ഹൈക്കോടതി വിശദീകരണം തേടിയത്. എസ്എഫ്ഐ മുൻ ജില്ലാ പ്രസിഡൻറ് ആണ് ജയകൃഷ്ണൻ. കസ്റ്റഡി മർദനത്തിൽ 2016 ൽ മധു ബാബുവിനെതിരെ പത്തനംതിട്ട എസ്പി റിപ്പോർട്ട് നൽകിയിരുന്നു. ഈ റിപ്പോർട്ട് നടപ്പാക്കണമെന്നാണ് ഹർജിയിലെ ആവശ്യം. 2012ൽ നടന്ന കസ്റ്റഡി മർദനം വിവരിച്ച് ജയകൃഷ്ണൻ തണ്ണിത്തോട് തന്നെയാണ് ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തത്. കാലിൻറ് വെള്ള അടിച്ചു പൊട്ടിച്ചെന്നും കണ്ണിലും ശരീരത്തിലും മുളക് സ്പ്രേ ചെയ്തു, ചെവിയുടെ ഡയഫ്രം അടിച്ചുപൊളിച്ചു എന്നും ഫേസ്ബുക്ക് പോസ്റ്റിൽ ജയകൃഷ്ണൻ എഴുതിയിരുന്നു. മധു ബാബുവിനെതിരെ അച്ചടക്ക നടപടി ശിപാർശ ചെയ്തെങ്കിലും ഇതുവരെ നടപ്പാക്കിയില്ലെന്നും ജയകൃഷ്ണൻ ആരോപിച്ചിരുന്നു.

# സംസ്ഥാന ഇ-ഗവേണൻസ് അവാർഡുകൾ പ്രഖ്യാപിച്ചു

ഇ-ഗവേണൻസ് രംഗത്തെ നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകുന്ന ഇ-ഗവേണൻസ് അവാർഡുകൾ പ്രഖ്യാപിച്ചു. 2021-22, 2022-23 വർഷങ്ങളിലെ പ്രവർത്തനങ്ങൾക്കാണ് 9 വിഭാഗങ്ങളിലായി അവാർഡുകൾ പ്രഖ്യാപിച്ചത്. ഇ-സിറ്റിസിൺ സർവീസ് ഡെലിവറി ആൻഡ് എം ഗവേണൻസിൽ കേരള ഹൈക്കോടതിക്ക് ഒന്നാം സ്ഥാനം ലഭിച്ചു.

ക്ഷീര വികസന വകുപ്പിനും കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നവേഷൻ ആൻഡ് ടെക്നോളജിക്കും രണ്ടാം സ്ഥാനം ലഭിച്ചു. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്കും റവന്യൂ വകുപ്പിനുമാണ് മൂന്നാം സ്ഥാനം. ഡിജിറ്റൽ പ്രോസസ് റീ എൻജിനിയറിങ് വിഭാഗത്തിൽ ധനകാര്യ (സ്പാർക്ക് പിഎംയു) വകുപ്പിനും എൽഎസ്ജിഡി ശുചിത്വമിഷനും ഒന്നാം സ്ഥാനം നേടി. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയും കെഎസ്ഇബിഎല്ലും രണ്ടാം സ്ഥാനത്തെത്തി. ഹരിതകേരള മിഷനാണ് മൂന്നാം സ്ഥാനം. കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നവേഷൻ ആൻഡ് ടെക്നോളജിക്ക് ജൂറിയുടെ പ്രത്യേക പുരസ്കാരം ലഭിച്ചു.

ഐഎച്ച്ആർഡിയുടെ ചാക്കയിലുള്ള ഇൻഫർമേഷൻ ടെക്നോളജി ഡിവിഷന്റെ വെബ്സൈറ്റിനാണ് ഒന്നാം സ്ഥാനം. കേരള പി.എസ്.സി വെബ്സൈറ്റിന് രണ്ടാം സ്ഥാനവും സംസ്ഥാന ഇലക്ഷൻ കമ്മീഷന്റെയും ബിവറേജസ് കോർപ്പറേഷന്റെയും വെബ്സൈറ്റുകൾക്ക് മൂന്നാം സ്ഥാനവും ലഭിച്ചു. മികച്ച അക്ഷയ കേന്ദ്രമായി രാജേഷ് വി (കോഴിക്കോട് 134) ഒന്നാം സ്ഥാനത്തിനും അനുരാജ് പി.വി (ആലപ്പുഴ 197) രണ്ടാം സ്ഥാനത്തിനും കൊച്ചന്നാമ്മ കുര്യൻ (പത്തനംതിട്ട 024) മൂന്നാം സ്ഥാനത്തിനും അർഹമായി. മികച്ച ഇന്നവേഷൻ സ്റ്റാർട്ടപ്പുകളിൽ എ 4 മർക്കന്റൈൽ പ്രൈവറ്റ് ലിമിറ്റഡ് ഒന്നാം സ്ഥാനത്തെത്തി.

നയ്കസ്റ്റ് ഇന്നൊവേഷൻ ലാബ്സും ഫ്യൂസലേജ് ഇന്നവേഷൻസ് പ്രൈവറ്റ് ലിമിറ്റഡും യഥാക്രമം രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി. സോഷ്യൽ മീഡിയ ആൻഡ് ഇ-ഗവേണൻസ് വിഭാഗത്തിൽ കേരള സ്റ്റാർട്ടപ്പ് മിഷനാണ് ഒന്നാം സ്ഥാനത്ത്. വയനാട്, തിരുവനന്തപുരം ജില്ലാ ഭരണകൂടങ്ങൾ യഥാക്രമം രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി. മികച്ച ഇ-ഗവേണൻസ് ഉള്ള ജില്ലകളിൽ വയനാട് ജില്ലാ ഭരണകൂടം ഒന്നാം സ്ഥാനവും തിരുവനന്തപുരം രണ്ടാം സ്ഥാനവും കണ്ണൂർ ജില്ലാ ഭരണകൂടവും മുനിസിപ്പൽ കോർപ്പറേഷനും മൂന്നാം സ്ഥാനവും നേടി. ഇ-ഹെൽത്ത്, ഇ-മെഡിസിൻ വിഭാഗത്തിൽ നാഷണൽ ഹെൽത്ത് മിഷൻ ഒന്നാം സ്ഥാനത്തിനും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൈക്രോ ബയോളജി വകുപ്പ് പ്രത്യേക ജൂറി പുരസ്കാരത്തിനും അർഹമായി. ദുരന്ത നിവാരണത്തിലേയും കോവിഡ് മഹാമാരിയുടെ മാനേജ്മെന്റിലെയും ഇന്നവേഷനുകൾക്ക് സിഡിറ്റും വയനാട് റവന്യൂ വകുപ്പിലെ ഡിസ്ട്രിക്ട് എമർജെൻസി ഓപ്പറേഷൻസ് സെന്ററും പ്രത്യേക ജൂറി പുരസ്കാരത്തിന് അർഹമായി.

സെപ്റ്റംബർ 25 ന് ഐഎംജിയിലെ പത്മം ആഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ അവാർഡുകൾ വിതരണം ചെയ്യും. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി മുഖ്യ അതിഥിയായിരിക്കും.

# ആർജെഡി നേതാവിന് വെട്ടേറ്റ സംഭവം; പ്രതി പിടിയിൽ

കോഴിക്കോട്: ആർജെഡി നേതാവിനെ വെട്ടിപ്പരിക്കേൽപ്പിച്ച കേസിലെ പ്രതിയെ പോലീസ് അറസ്റ്റ് ചെയ്തു. ആർജെഡി വില്യാപ്പള്ളി പഞ്ചായത്ത് സെക്രട്ടറി മനക്കൽതാഴെ എം. ടി. കെ. സുരേഷിനെ വെട്ടിപ്പരിക്കേൽപ്പിച്ച ലാലുവിനെയാണ് വടകര പോലീസ് അറസ്റ്റ് ചെയ്തത്.

ബംഗളൂരുവിലേക്ക് രക്ഷപെടാനുള്ള ശ്രമത്തിനിടെയാണ് ഇയാൾ പിടിയിലായതെന്ന് പോലീസ് പറഞ്ഞു. തിങ്കളാഴ്ച വൈകുന്നേരം ആറിനായിരുന്നു സംഭവം. വില്യാപ്പള്ളി - കുളത്തൂർ റോഡിൽ സുഹൃത്തുക്കളുമായി സംസാരിച്ച് നിൽക്കുമ്പോഴാണ് സുരേഷിനു നേരെ ആക്രമണമുണ്ടായത്. ഗുരുതരമായി പരിക്കേറ്റ സുരേഷ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയാണ്.

# ഒരാൾക്കുകൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു; ആശങ്കപ്പെടേണ്ടതില്ലെന്ന് മന്ത്രി വീണാ ജോർജ്

കോഴിക്കോട്: സംസ്ഥാനത്ത് ഒരാൾക്കുകൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. പാലക്കാട് സ്വദേശിയായ യുവാവിനാണ് രോഗം സ്ഥിരീകരിച്ചത്. ഇയാൾ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. അതേസമയം ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. അമീബിക് മസ്തിഷ്ക ജ്വരം സംസ്ഥാനത്ത് മുമ്പേയുണ്ട്. മറ്റിടങ്ങളെ അപേക്ഷിച്ച് കേരളത്തിലാണ് ഈ രോഗം കണ്ടെത്തുന്നതും ചികിത്സ നൽകുന്നതും. ആഗോള തലത്തിൽ മരണനിരക്ക് വളരെ ഉയർന്ന രോഗമാണിത്. എന്നാൽ മരണ നിരക്ക് കുറയ്ക്കുന്നതിനും ആളുകളുടെ ജീവൻ സംരക്ഷിക്കുന്നതിനും കേരളത്തിന് കഴിയുന്നുണ്ട്. അതിനാൽ ആശങ്കപ്പെടേണ്ടതില്ല. എന്നാൽ പ്രതിരോധം പ്രധാനമാണെന്നും മന്ത്രി പറഞ്ഞു.

# സ്പോട്ട് അഡ്മിഷൻ

തിരുവനന്തപുരം കോളജ് ഓഫ് എൻജിനിയറിങ്ങിൽ (സി.ഇ.ടി) ബി.ആർക് സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ 19ന് നടക്കും. താത്പര്യമുള്ളവർ രാവിലെ 11ന് മുമ്പ് റിപ്പോർട്ട് ചെയ്യണം. കൂടുതൽവിവരങ്ങൾക്ക്: www.cet.ac.in.

# ഹ്രസ്വകാല പരിശീലനം

ഹ്രസ്വകാല കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സിലേക്ക് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ഫിനിഷിങ് സ്കൂളായ റീച്ച് അപേക്ഷ ക്ഷണിച്ചു. ഓൺലൈൻ ക്ലാസുകളും തിരുവനന്തപുരം കേന്ദ്രത്തിൽ ഓഫ്‌ലൈൻ പരിശീലന സൗകര്യവും ലഭ്യമാണ്. പ്ലസ്ടു, ഡിഗ്രി പാസായവർ സെപ്റ്റംബർ 21നകം അപേക്ഷിക്കണം. വിശദവിവരങ്ങൾക്ക്: www.reach.org.in

# പേരാമ്പ്രയിൽ ബൈക്കിലെത്തി വയോധികയുടെ മാല കവർന്ന കേസിൽ ഒരാൾ പിടിയിൽ

കോഴിക്കോട്: പേരാമ്പ്ര പന്തിരിക്കരയിൽ ബൈക്കിലെത്തി വയോധികയുടെ സ്വർണമാല കവർന്ന കേസിൽ ഒരാൾ പിടിയിൽ. ചങ്ങരോത്ത് വെള്ളച്ചാലിൽ മേമണ്ണിൽ ജയ്സൺ(31) ആണ് പിടിയിലായത്.

ആസ്യ എന്ന സ്ത്രീയുടെ മാലയാണ് ഇവർ പൊട്ടിച്ചെടുത്ത് കടന്നുകളഞ്ഞത്. കഴിഞ്ഞ ശനിയാഴ്ച രാവിലെ 10. 15ഓടെയാണ് സംഭവം നടന്നത്. പന്തിരിക്കര ഒറ്റക്കണ്ടം പുല്ലാനിമുക്ക് റോഡിൽവച്ച് ബൈക്കിലെത്തിയ രണ്ടംഗ സംഘം ആസ്യയുടെ മാല കവരുകയായിരുന്നു. സംഭവത്തിൽ കേസെടുത്ത പോലീസ് അന്വേഷണം നടത്തിവരവേ പ്രദേശവാസിയായ യുവാവിനെ കുറിച്ച് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജയ്സണെ അറസ്റ്റ് ചെയ്യുകയായിരുന്നു. ഇയാളുടെ കൂടെയുണ്ടായിരുന്ന രണ്ടാമനെ പിടികൂടാനായിട്ടില്ല.

അതേസമയം ആസ്യയുടെ കഴുത്തിൽ നിന്ന് പൊട്ടിച്ചെടുത്ത സ്വർണമാല പോലീസിന് ലഭിച്ചിട്ടില്ല. ഇത് പേരാമ്പ്രയിലെ സ്വകാര്യ ധനകാര്യ സ്ഥാപനത്തിൽ പണയം വച്ചതായി സൂചനയുണ്ട്.

# ഡാറ്റാ എൻട്രി ഓപ്പറേറ്റർ

സംസ്ഥാനത്തെ തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി 5 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ താൽക്കാലികമായി നിയമിക്കുന്നതിന് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അപേക്ഷ ക്ഷണിച്ചു. മലയാളം ടൈപ്പിംഗിലും എഴുത്തിലുമുള്ള പ്രാവീണ്യം, കമ്പ്യൂട്ടർ പരിജ്ഞാനം, ഡാറ്റാ എൻട്രി എന്നിവയാണ് യോഗ്യത. ബിരുദം, പിബിആർ പ്രക്രിയയിലുള്ള മുൻ പരിചയം എന്നിവ അഭികാമ്യം. ഗൂഗിൾഫോം ലിങ്ക് വഴി സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം കെഎസ്ബിബി ഓഫീസിൽ നേരിട്ടോ, കൈലാസം, ടി.സി 24/3219, 43, ബെൽഹേവൻ ഗാർഡൻസ്, കവടിയാർ പി.ഒ, തിരുവനന്തപുരം 695003 വിലാസത്തിൽ തപാലിലോ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: www.keralabiodiversity.org,

# കുന്നംകുളത്ത് ആംബുലൻസ് ഡ്രൈവർമാർ തമ്മിൽ സംഘർഷം; ഒരാൾക്ക് പരിക്ക്

തൃശൂർ: കുന്നംകുളത്ത് ആംബുലൻസ് ഡ്രൈവർമാർ തമ്മിൽ സംഘർഷം. ഒരാൾക്ക് പരുക്കേറ്റു. പാലപ്പെട്ടി അൽഫാസ ആംബുലൻസ് ഡ്രൈവർ അണ്ടത്തോട് വീട്ടിൽ ഹനീഫക്കാണ് പരിക്കേറ്റത്.

അണ്ടത്തോട് മുസ്തഫ ചാരിറ്റബിൾ ട്രസ്റ്റ് ആംബുലൻസ് ഡ്രൈവർ നിസാറാണ് ആക്രമിച്ചതെന്ന് ഹനീഫ പറഞ്ഞു. തിങ്കളാഴ്ച രാത്രി കുന്നംകുളം മലങ്കര ആശുപത്രിയിൽ വച്ചാണ് സംഘർഷമുണ്ടായത്. ഇരുവരും തമ്മിൽ നേരത്തെ തർക്കം നിലനിന്നിരുന്നു. ഇതേതുടർന്നുള്ള വൈരാഗ്യത്തിലാണ് ആക്രമണം ഉണ്ടായത്.

സംഭവത്തിൽ കുന്നംകുളം പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. രാത്രി ഏഴരയോടെയാണ് ആക്രമണം നടക്കുന്നത്. സംഘർഷം നടക്കുന്ന സമയത്ത് ആംബുലൻസിനുള്ളിൽ രോഗികൾ ഉണ്ടായിരുന്നു.

രോഗികൾ ഇരിക്കെ ആംബുലൻസ് നിർത്തുകയും ഇരുവരും തമ്മിൽ ഏറ്റുമുട്ടുകയുമായിരുന്നു. ഹനീഫയെ കുന്നംകുളം മലങ്കര ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

# വടകരയിൽ 28 കുപ്പി വിദേശമദ്യവുമായി മധ്യവയസ്കൻ അറസ്റ്റിൽ

കോഴിക്കോട്: വടകരയിൽ 28 കുപ്പി വിദേശമദ്യവുമായി മധ്യവയസ്കനെ അറസ്റ്റ് ചെയ്തു. കന്യാകുമാരി കൽക്കുളം സ്വദേശി പുല്ലാനിവിള വീട്ടിൽ ദാസ്(48) ആണ് അറസ്റ്റിലായത്. അഴിയൂർ പ്രീമെട്രിക് ഹോസ്റ്റലിന് സമീപത്തുവച്ച് ചൊവ്വാഴ്ച വൈകുന്നേരമാണ് ഇയാൾ പിടിയിലായത്. എക്സൈസ് ഉദ്യോഗസ്ഥരാണ് ദാസിനെ പിടികൂടിയത്. ബാഗിലും ബിഗ്ഷോപ്പറിലുമായി കൈയ്യിൽ കരുതിയിരുന്ന മദ്യമാണ് പിടിച്ചെടുത്തത്.

ചെറിയ വിലയ്ക്ക് ഇവിടെ നിന്ന് വാങ്ങുന്ന മദ്യം നാട്ടിൽ കൊണ്ടുപോയി വിൽപന നടത്താനാണ് ദാസ് ശ്രമിച്ചതെന്നാണ് പോലീസ് അറയിച്ചത്. കോടതിയിൽ ഹാജരാക്കിയ ഇയാളെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു.

വടകര റെയ്ഞ്ച് ഓഫീസിലെ അസി. എക്സൈസ് ഇൻസ്പെക്ടർ ഗ്രേഡ് ജയപ്രസാദ്, പ്രവൻറീവ് ഓഫീസർ വിജയൻ, സിവിൽ എക്സൈസ് ഓഫീസർമാരായ സച്ചിൻ, രാജൻ എന്നിവർ ചേർന്നാണ് ദാസിനെ പിടികൂടിയത്.

# പ്രകൃതിവിരുദ്ധ പീഡനം: രാഷ്ട്രീയ നേതാവ് ഉൾപ്പെടെ 14 പേർക്കെതിരേ കേസ്

കാസർഗോഡ്: ചെറുവത്തൂർ ചന്തേര പോലീസ് സ്റ്റേഷൻ പരിധിയിലെ 16 കാരനെ പ്രകൃതിവിരുദ്ധത്തിന് ഉപയോഗിച്ച ഉന്നതരടങ്ങുന്ന എട്ടു പേർ പോലീസ് പിടിയിലായി. ചന്തേര പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ഒൻപത് പേരുൾപ്പെടെ 14 പേർക്കെതിരേയാണ് ചന്തേര പോലീസ് കേസെടുത്തത്.

ഇതിൽ അഞ്ചുപേർ ജില്ലയ്ക്ക് പുറത്തായതിനാൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിലേക്ക് കൈമാറി. വിദ്യാഭ്യാസവകുപ്പിൽ ഉയർന്ന ഉദ്യോഗസ്ഥൻ, ആർപിഎഫ് ഉദ്യോഗസ്ഥർ, രാഷ്ട്രീയ നേതാവ് ഉൾപ്പെടെ പ്രതിപ്പട്ടികയിലുണ്ട്. കഴിഞ്ഞ ദിവസം 16കാരന്റെ വീട്ടിലെത്തിയ ഒരാളെ മാതാവ് കണ്ടതാണ് കേസിലേക്കെത്തിയത്. മാതാവിനെ കണ്ടയുടനെ ഇയാൾ ഓടിരക്ഷപ്പെടുകയായിരുന്നു.

ചന്തേര പോലീസിൽ പരാതി നൽകിയതിനെ തുടർന്ന് 16കാരനെ ചൈൽഡ് ലൈനിൽ ഹാജരാക്കി ചോദ്യം ചെയ്തപ്പോഴാണ് വിവരം പുറത്തുവന്നത്. ചൈൽഡ് ലൈനിൽനിന്ന് ലഭിച്ച റിപ്പോർട്ടിനെ തുടർന്ന് ജില്ലാ പോലീസ് മേധാവിയുടെ നിർദേശപ്രകാരം വെള്ളരിക്കുണ്ട്, ചീമേനി, നീലേശ്വരം, ചിറ്റാരിക്കാൽ, ചന്തേര പോലീസ് സ്റ്റേഷനുകളിലെ ഹൗസ് ഓഫീസർമാരുടെ നേതൃത്വത്തിലാണ് കേസ് അന്വേഷണം.

രണ്ട് വീതം പ്രതികളെ പിടികൂടുന്നതിന് ഓരോ എസ്എച്ച്ഒയുടെ നേതൃത്വത്തിലുള്ള സംഘത്തിന് ചുമതല നൽകി

# പൊതുരേഖാ സംരക്ഷണത്തിൽ കേരളം പുതിയ ചരിത്രം കുറിക്കുന്നു

കേരളത്തിന്റെ ചരിത്രരേഖകൾ സംരക്ഷിക്കുന്നതിൽ നിർണായകമായ ഒരു ചുവടുവെപ്പായി, 2023-ലെ കേരള പൊതുരേഖാ ബിൽ നിയമസഭയിൽ സമർപ്പിച്ചു. പുരാരേഖകളുടെ സംരക്ഷണത്തിനായി ഒരു നൂറ്റാണ്ടിലധികം മുൻപ് വകുപ്പ് രൂപീകരിച്ച സംസ്ഥാനത്ത്, ആദ്യമായാണ് രേഖകൾ സംരക്ഷിക്കാൻ ഒരു നിയമം വരുന്നത്.പുരാവസ്തു-പുരാരേഖാ-മ്യൂസിയം-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയാണ് സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ടോടുകൂടി ബിൽ സഭയിൽ സമർപ്പിച്ചത്. 2023 സെപ്റ്റംബർ 7-ന് അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച ഈ ബിൽ, 2024 ജൂലൈ 11-നാണ് സഭയിൽ ആദ്യമായി അവതരിപ്പിച്ചത്. തുടർന്ന് ഇത് സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയച്ചു. സംസ്ഥാനത്തിനകത്തും പുറത്തും കമ്മിറ്റി നടത്തിയ പഠനങ്ങൾക്കും ചർച്ചകൾക്കും ശേഷമാണ് ബില്ലിന് അന്തിമരൂപം നൽകിയത്. സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ കമ്മീഷനുകൾ, ബോർഡുകൾ, കമ്മിറ്റികൾ എന്നിവയിലെ പൊതുരേഖകളുടെ മൂല്യനിർണയം, ശേഖരണം, തരംതിരിക്കൽ, സംരക്ഷണം, ഭരണനിർവഹണം എന്നിവയെല്ലാം ഈ നിയമത്തിന്റെ പരിധിയിൽ വരും. പൊതുരേഖകളുടെ സംരക്ഷണത്തിനായി ഒരു ദ്വിതല സംവിധാനം ഏർപ്പെടുത്തുന്നതാണ് ബില്ലിന്റെ പ്രധാന സവിശേഷത.

റെക്കോർഡ് മുറികൾ: രേഖകൾ ഉണ്ടാക്കുന്ന എല്ലാ സ്ഥാപനങ്ങളും റെക്കോർഡ് മുറികൾ സജ്ജീകരിക്കുകയും അവയുടെ സംരക്ഷണത്തിനായി ഒരു റെക്കോർഡ് ഓഫീസറെ ചുമതലപ്പെടുത്തുകയും വേണം. ഈ ഓഫീസറുടെ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും ബില്ലിൽ വ്യക്തമായി നിർവചിച്ചിട്ടുണ്ട്.

സംസ്ഥാന ആർക്കൈവ്സ് വകുപ്പ്: റെക്കോർഡ് മുറികളിൽ സൂക്ഷിക്കുന്ന രേഖകളിൽനിന്ന് ചരിത്രപരമായ പ്രാധാന്യമുള്ളവ വേർതിരിച്ച് സംസ്ഥാന ആർക്കൈവ്സ് വകുപ്പിലേക്ക് മാറ്റും. ഇവ ശാസ്ത്രീയമായി സംരക്ഷിച്ച് ഗവേഷകർക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കും. ബിൽ നിയമമാവുന്നതോടെ ഈ സംരക്ഷണ സംവിധാനത്തിന്റെ മേൽനോട്ട ചുമതല സംസ്ഥാന ആർക്കൈവ്സ് വകുപ്പിനായിരിക്കും.

നിയമപരമായി രേഖകൾ കൈമാറുന്നതിനുള്ള വ്യവസ്ഥകളും, രേഖകൾ നഷ്ടപ്പെടുത്തുകയോ നശിപ്പിക്കുകയോ ചെയ്താൽ ലഭിക്കുന്ന ശിക്ഷകളും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടെ സംസ്ഥാനത്തെ പൊതുരേഖകളുടെ സംരക്ഷണം കൂടുതൽ കാര്യക്ഷമമാവുകയും നിയമപരമായ ഒരു അടിത്തറ ലഭിക്കുകയും ചെയ്യും. ഇത് കേരളത്തിന്റെ ചരിത്രരേഖാ സംരക്ഷണത്തിന് പുതിയൊരു ദിശാബോധം നൽകും.

# ആഗോള അയ്യപ്പസംഗമം വിശ്വതീർത്ഥാടനത്തിന് വേദിയൊരുക്കൽ: വി.എൻ. വാസവൻ

മണ്ണിലും മനസ്സിലും നൈർമല്യം പകരുന്ന സമഭാവനയുടെ സങ്കൽപ്പം ആഴത്തിൽ കോർത്തിണക്കിയിട്ടുള്ള ശബരിമലയെപ്പോലെ മറ്റൊരു ആരാധനാലയം ലോകത്തില്ല. ഒരു സാധാരണ ക്ഷേത്രസങ്കേതത്തിലേക്ക് എന്നപോലെ ജനസഹസ്രങ്ങൾ ഒത്തുചേരുന്ന ഒന്നല്ല ശബരിമല തീർത്ഥാടനം. ലോകത്തിന് മതമൈത്രിയുടെ മഹത്സന്ദേശം പകർന്നു നൽകുന്ന മഹാതീർത്ഥാടന കേന്ദ്രം കൂടിയാണിത്. ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നെത്തുന്ന നാനാജാതി മതസ്ഥരായ ഭക്തർ പങ്കുവയ്ക്കുന്ന മൈത്രിയുടെ സാഹോദര്യഭാവമാണ് ഈ സങ്കേതം പകർന്നു നൽകുന്ന സന്ദേശം.

ശബരിമല സന്നിധാനത്ത് ഒരുവട്ടമെങ്കിലും പോയിട്ടുള്ളവരുടെ മനസിൽ തെളിഞ്ഞു നിൽക്കുന്ന ഒന്നാണ് ക്ഷേത്രത്തിനു മുൻപിൽ എഴുതിയിരിക്കുന്ന തത്വമസി എന്ന വാക്യം. മലയാളത്തിൽ ഇതിനർഥം 'അതു നീയാകുന്നു' എന്നാണ്. അഹങ്കാരവും അറിവില്ലായ്മയുമെല്ലാം ഇല്ലാതായി ഈശ്വരനും ഭക്തനും ഒന്നാകുന്ന സമത്വത്തിന്റെ പുണ്യം ലോകമൊട്ടാകെ എത്തിക്കുകയാണ് ആഗോള അയ്യപ്പ സംഗമത്തിലൂടെ ലക്ഷ്യമിടുന്നത്.1950-ൽ സ്ഥാപിതമായ തിരുവിതാംകൂർ ദേവസ്വം ബോർഡ് കേരളത്തിലുടനീളമുള്ള 1200 -ലധികം ക്ഷേത്രങ്ങളുടെ ആത്മീയവും സാംസ്കാരികവും ചരിത്രപരവുമായ മൂല്യങ്ങളെയും ആചാര അനുഷ്ഠാനങ്ങളെയും സംരക്ഷിച്ചുകൊണ്ട് പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ്. ദേവസ്വം ബോർഡിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ദേവസ്വം ബോർഡ് എടുത്ത തീരുമാനമാണ് ആഗോള അയ്യപ്പ സംഗമം നടത്തുകയെന്നത്. അത് സർക്കാർ സഹായത്തോടെ നടപ്പിലാക്കുകയാണ്.ആഗോള അയ്യപ്പസംഗമത്തിന് വേദിയായി പമ്പയെ തെരഞ്ഞെടുത്തത് ശബരിമലയുടെ പവിത്രമായ കവാടമെന്ന നിലയിലാണ്. സന്നിധാനത്തേക്കുള്ള യാത്രയ്ക്ക് തയ്യാറെടുക്കുന്ന ഈ ശാന്തമായ തീരം തീർത്ഥാടനത്തിന്റെ അടിസ്ഥാന മൂല്യങ്ങളായ അച്ചടക്കം, സമത്വം, വിനയം, ഐക്യം, ശുചിത്വം എന്നിവ പ്രതിഫലിപ്പിക്കുന്ന സങ്കേതമാണ്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വ്രതനിഷ്ഠയോടെ ശബരിമലയിൽ ദർശനം നടത്താൻ എത്തിച്ചേരുന്ന അയ്യപ്പഭക്തർക്കായി ബുദ്ധിമുട്ടുകളൊന്നും കൂടാതെ ദർശനം സാധ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങളാണ് സംസ്ഥാന സർക്കാരും ദേവസ്വം ബോർഡും ചേർന്ന് നടപ്പാക്കിവരുന്നത്.

2016-17 കാലയളവ് മുതൽ സംസ്ഥാന സർക്കാർ ശബരിമയ്ക്ക് വേണ്ടി നൽകിയത് 220.78 കോടി രൂപയാണ്. ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്ക് 83.95 കോടി, ശബരിമല സാനിട്ടേഷൻ സൊസൈറ്റിക്ക് 20.42 കോടി, ശബരിമല ഇടത്താവളം പദ്ധതികൾക്കായി 116.41 കോടി എന്നിങ്ങനെയാണ് തുക അനുവദിച്ചത്. ഇതിനു പുറമെയാണ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തിയിരിക്കുന്ന വികസന പ്രവർത്തനങ്ങൾ. നിലയ്ക്കലിൽ കിഫ്ബി പദ്ധതിയിൽ പണിത ഇടത്താവളം ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. ശബരിമല തീർത്ഥാടകർക്കും തീർത്ഥാടന കാലത്തിനു ശേഷം പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന 5 ഇടത്താവളങ്ങൾ വേറെയുണ്ട്. കിഫ്ബിയിൽ നിന്നും 145 കോടി രൂപ ചെലവിട്ടാണ് ചെങ്ങന്നൂർ, കഴക്കൂട്ടം, ചിറങ്ങര, എരുമേലി, മണിയംകോട് എന്നിവിടങ്ങളിലടക്കം ഇടത്താവളം നിർമിക്കുന്നത്.

ഒരു തീർത്ഥാടനകാലം മാത്രം ലക്ഷ്യമിട്ടല്ല സംസ്ഥാന സർക്കാരിന്റെ പ്രവർത്തനം. കാൽ നൂറ്റാണ്ട് മുന്നിൽ കണ്ടുള്ള പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്.സന്നിധാനത്തിന്റെ ആത്മീയവും സാംസ്കാരികവുമായ പൈതൃകത്തെ മാനിച്ചുകൊണ്ട് അതിനുള്ള ലേഔട്ട് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

സന്നിധാനത്തിന്റെ വികസനത്തിനായി ആദ്യഘട്ടത്തിന് 600.47 കോടി രൂപയും 2028-33 വരെയുള്ള രണ്ടാം ഘട്ടത്തിന് 100.02 കോടിരൂപയും 2034-39 വരയുള്ള മൂന്നാം ഘട്ടത്തിന് 77.68 കോടി രൂപയും ഉൾപ്പെടെ ആകെ 778.17 കോടി രൂപയാണ് ലേഔട്ട് പ്ലാൻ പ്രകാരം ചെലവ് കണക്കാക്കിയിരിക്കുന്നത്. പമ്പയുടെ വികസനത്തിനായി ആദ്യഘട്ടത്തിന് 184.75 കോടി രൂപയും 2028-33 വരെയുള്ള രണ്ടാം ഘട്ടത്തിന് 22.73 കോടി രൂപയും ഉൾപ്പെടെ ആകെ 207.48 കോടി രൂപയാണ് ചിലവ് കണക്കാക്കുന്നത്. ട്രക്ക്റൂട്ടിന്റെ വികസനത്തിനായി ആദ്യ ഘട്ടത്തിന് 32.88 കോടി രൂപയും രണ്ടാം ഘട്ടത്തിന് 15.50 കോടിരൂപയും ഉൾപ്പെടെ ആകെ 47.97 കോടി രൂപയാണ് ചിലവ് കണക്കാക്കുന്നത്. പമ്പയുടെയും ട്രക്ക്റൂട്ടിന്റെയും വികസനത്തിനായി ലേഔട്ട് പ്രകാരം ആകെ ചിലവ് കണക്കാക്കിയിരിക്കുന്നത് 255.45 കോടി രൂപയാണ്. ഏറെക്കാലമായുള്ള അനിശ്ചിതത്വങ്ങൾക്ക് വിരാമമിട്ട് ശബരിമലയിൽ റോപ് വേ പദ്ധതി യാഥാർത്ഥ്യത്തിലേക്ക് എത്തുകയാണ്. വനംവകുപ്പിന്റെ തർക്കങ്ങൾ ഉൾപ്പെടെ പരിഹരിച്ചുകൊണ്ടും ഏറ്റെടുക്കുന്ന വനഭൂമിക്ക് പകരം ഭൂമി നൽകിയുമാണ് സർക്കാർ റോപ്‌വേ യാഥാർത്ഥ്യമാക്കുന്നത്.

ശബരിമലയെന്ന ആഗോള തീർത്ഥാന കേന്ദ്രത്തിനുവേണ്ടി തയാറാക്കിയിരിക്കുന്ന പദ്ധതികൾ ഭക്തർക്ക് മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള വേദിയാവും പമ്പയിലെ അയ്യപ്പ സംഗമം. ലോകത്ത് വിവിധ ഭാഗങ്ങളിൽ നിന്നുള്ള അയ്യപ്പ ഭക്തർക്ക് തങ്ങളുടെ ആശയങ്ങൾ അവതരിപ്പിക്കുന്നതിനും അങ്ങനെ ഒരു പൊതുനയം രൂപീകരിക്കുന്നതിനുമുള്ള ഇടമായി സംഗമം മാറും

അയ്യപ്പഭക്തർക്ക് കൂടുതൽ സുരക്ഷിതമായി ദർശനം നടത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ നേരിട്ട് ബോദ്ധ്യപ്പെടുവാൻ ദേവസ്വം ബോർഡ് ഇതിലൂടെ ഭക്തർക്ക് അവസരം ഒരുക്കുകയാണ്. ഇന്ത്യയിൽ തന്നെ ഇതാദ്യമാണ്. ഒരു തീർത്ഥാന കേന്ദ്രത്തിന്റെ വികസന ചർച്ചകളിൽ ഭക്തർക്ക് നേരിട്ട് പങ്കാളികളാവാൻ അവസരം നൽകുന്നത്.

ശബരിമലയുടെ പവിത്രത കാത്ത് സൂക്ഷിച്ച് കൊണ്ട് സമ്പൂർണ്ണ ഹരിത തീർത്ഥാടന കേന്ദ്രമാക്കി ശബരിമലയെ മാറ്റുന്നതിന് സംസ്ഥാന സർക്കാരും, തിരുവിതാംകൂർ ദേവസ്വം ബോർഡും നടത്തുന്ന പ്രവർത്തനങ്ങൾക്കും അയ്യപ്പ ഭക്തരുടെ പിന്തുണ ഉറപ്പാക്കുക, ശബരിമലയെ ലോക നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ട നിക്ഷേപ സാധ്യതയും ഇതിലൂടെ കണ്ടത്തുക എന്നതും ബോർഡ് ലക്ഷ്യമിടുന്നുണ്ട്.അതിനൊപ്പം വിവിധ രാജ്യങ്ങളിലെ അയ്യപ്പ ഭക്തരെ ഉൾപ്പെടുത്തി ഒരു ഡാറ്റാബേസ് തയ്യാറാക്കുക. ലോകത്ത് എവിടെ നിന്നുള്ള അയ്യപ്പഭക്തർക്കും ശബരിമലയിലെ എത്തിച്ചേരുന്നതിനും, സുഗമദർശനം നടത്തി മടങ്ങുന്നതിനും നൂതന സംവിധാനങ്ങൾ സംയോജിപ്പിച്ചുള്ള ഒരൊറ്റ പ്ലാറ്റ്ഫോം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉള്ള അയ്യപ്പ ഭക്തരെ കോർത്തിണക്കി വിവിധ രാജ്യങ്ങളിൽ ശബരിമല തീർത്ഥാടന കാലയളവിൽ ദർശനത്തിന് എത്തിച്ചേരുന്ന അയ്യപ്പഭക്തർക്കായി ഹെൽപ്ഡെസ്കുകൾ ആരംഭിക്കുക. പരിപാവനതയും ആചാര അനുഷ്ഠാനങ്ങളും സംരക്ഷിച്ചുകൊണ്ട് പിൽഗ്രിം ടൂറിസം സാധ്യതകൾ കണ്ടത്തുകയും വികസിപ്പിക്കുകയും ചെയ്യുക തുടങ്ങി വിപുലമായ ലക്ഷ്യത്തോടെയാണ് ആഗോള അയ്യപ്പ സംഗമം സംഘടിപ്പിക്കുന്നത്.മൂന്നു വേദികളിലായാണ് ഇക്കാര്യങ്ങൾ ചർച്ച ചെയ്യുക. അതാത് മേഖലയിലെ വിദഗ്ധരായ ആളുകളാണ് ഇക്കാര്യങ്ങൾ അവതരിപ്പിക്കുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്ലാറ്റിനം ജൂബിലിയിലെ ഏറ്റവും സുപ്രധാനമായ ചുവടുവയ്പ്പാണിത്. വിഭാവനം ചെയ്യുന്ന കാര്യങ്ങൾ നടപ്പിലാവുമ്പോൾ ഇപ്പോഴത്തേതിന്റെ ഇരട്ടിയോ അതിലും അധികമോ തീർത്ഥാടകർക്ക് ദർശനം സാദ്ധ്യമാകും. ലോകമെമ്പാടുമുള്ള അയ്യപ്പഭക്തർക്ക് ദർശനം കൂടുതൽ സുഗമമായി സാധ്യമാവുകയും ചെയ്യും. അതിനായി ഒന്നിച്ച് നീങ്ങാം.

## ഇന്ത്യൻ ക്രിക്കറ്റ് ടീമിന് ജേഴ്സി സ്പോൺസർമാരായി; അപ്പോളോ ടയേഴ്സുമായി കരാർ ഒപ്പിട്ടു

മുംബൈ: ഇന്ത്യൻ ക്രിക്കറ്റ് ടീം ജേഴ്സി സ്പോൺസർഷിപ്പ് അവകാശം അപ്പോളോ ടയേഴ്സ് സ്വന്തമാക്കി. 2027 വരെയുള്ള കരാറിലാണ് ബിസിസിഐ ഒപ്പുവച്ചത്. ഡ്രീം ഇലവനുമായുള്ള കരാർ അവസാനിപ്പിച്ചതിനു ശേഷമായിരുന്നു പുതിയ സ്പോൺസറെ തീരുമാനിച്ചത്.

ഇന്ത്യയുടെ ഓരോ മത്സരത്തിനും 4.5 കോടി രൂപ അപ്പോളോ ടയേഴ്സ് ബിസിസിഐക്ക് നൽകും. ഡ്രീം ഇലവൻ നാല് കോടി രൂപയായിരുന്നു നൽകിയിരുന്നത്. പണം വച്ചുള്ള ഓൺലൈൻ ഗെയിമുകൾ നിരോധിച്ചതിനു പിന്നാലെ ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ സ്പോൺസർഷിപ്പിൽ നിന്നും ഡ്രീം ഇലവൻ ഒഴിയുകയായിരുന്നു.

2023 ൽ ബൈജൂസ് ആപ്പിന് ശേഷമാണ് ഡ്രീം ഇലവൻ മൂന്നു വർഷത്തേക്ക് ബിസിസിഐയുമായി കരാറിലെത്തുന്നത്. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഏഷ്യാകപ്പിൽ ഇന്ത്യൻ ടീമിന് സ്പോൺസർമാരില്ല. കാൻവ, ജെകെ ടയർ എന്നീ കമ്പനികളും ലേലത്തിൽ പങ്കെടുത്തതായാണ് റിപ്പോർട്ടുകൾ.

## റോഡരികിൽ നിർത്തിയിട്ട കാറിലും ആംബുലൻസ് ഇടിച്ചു.

ന്യൂഡൽഹി: അനധികൃത ബെറ്റിംഗ് ആപ്പ് കേസിൽ ഇന്ത്യൻ മുൻ ക്രിക്കറ്റ് താരങ്ങളായ യുവരാജ് സിംഗിനും റോബിൻ ഉത്തപ്പക്കും ചോദ്യംചെയ്യലിന് നോട്ടീസയച്ച് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് (ഇഡി). നിയമവിരുദ്ധമായി ബെറ്റിംഗ് ആപ്പുകളുടെ പരസ്യത്തിൽ അഭിനയിക്കുകയും കള്ളപ്പണം വെളുപ്പിക്കലിന് കൂട്ടുനിൽക്കുകയും ചെയ്തുവെന്ന പരാതിയിലാണ് നടപടി.

ഉത്തപ്പയോട് ഈ മാസം 22 നും യുവരാജിനോട് 23നും ഡൽഹിയിലെ ഇഡി ആസ്ഥാനത്ത് ചോദ്യം ചെയ്യലിന് നേരിട്ട് ഹാജരാകാനാണ് നിർദേശിച്ചിരിക്കുന്നത്. കഴിഞ്ഞ ജൂണിലും യുവരാജ് ഇഡിക്ക് മുമ്പാകെ ചോദ്യം ചെയ്യലിന് ഹാജരായിരുന്നു.

നേരത്തെ ഇന്ത്യൻ മുൻ താരങ്ങളായ ശിഖർ ധവാൻ, സുരേഷ് റെയ്ന എന്നിവരെയും കേസുമായി ബന്ധപ്പെട്ട് ചോദ്യം ചെയ്യലിന് വിളിപ്പിച്ചിരുന്നു. കൂടാതെ, തൃണമൂൽ കോൺഗ്രസ് മുൻ എംപി മിമി ചക്രവർത്തി, ബോളിവുഡ് നടി ഉർവശി റൗട്ടേല, ബംഗാളി നടൻ അൻകുഷ് ഹസ്ര എന്നിവരെയും ഇഡി ചോദ്യം ചെയ്തിരുന്നു.

## കാലിൽ തൊട്ട് വന്ദിക്കാത്തതിന് വിദ്യാർഥികൾക്ക് മർദനം; അധ്യാപികയെ സസ്പെൻഡ് ചെയ്തു

ഭുവനേശ്വർ: ഒഡീഷയിലെ മയൂർഭഞ്ച് ജില്ലയിൽ കാലിൽ തൊട്ട് വന്ദിക്കാത്തതിന് വിദ്യാർഥികളെ ക്രൂരമായി മർദിച്ച അധ്യാപികയ്ക്ക് സസ്പെൻഷൻ. സുകാന്തി കാർ എന്ന അധ്യാപികയ്ക്കെതിരെയാണ് നടപടിയെടുത്തത്.

പ്രഭാത പ്രാർഥനയ്ക്ക് ശേഷം, തന്റെ കാലിൽ തൊട്ട് വന്ദിച്ചില്ലെന്ന കാരണത്താൽ ആറ്, ഏഴ്, എട്ട് ക്ലാസുകളിലെ 31 വിദ്യാർഥികളെയാണ് ഇവർ മുളവടി കൊണ്ട് അടിച്ചതെന്ന് ബ്ലോക്ക് വിദ്യാഭ്യാസ ഓഫീസർ ബിപ്ലബ് കർ പറഞ്ഞു. സംഭവത്തെക്കുറിച്ച് അറിഞ്ഞയുടനെ കുട്ടികളുടെ മാതാപിതാക്കൾ സ്കൂളിലെത്തി അധ്യാപകയ്ക്കെതിരെ കർശന നടപടിയെടുക്കണമെന്ന് ആവശ്യപ്പെടുകയായിരുന്നു. പരിക്കേറ്റ വിദ്യാർഥികളെ ചികിത്സയ്ക്കായി ബെറ്റ്നോട്ടി ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## യുപിയിൽ സമാജ്‌വാദി പാർട്ടി എംഎൽഎയ്ക്ക് ഒരു വർഷം തടവുശിക്ഷ

ലക്നോ: ഉത്തർപ്രദേശിൽ സമാജ്‌വാദി പാർട്ടി എംഎൽഎ രമാകാന്ത് യാദവിന് ഒരു വർഷം തടവും 3,800 രൂപ പിഴയും ശിക്ഷ വിധിച്ച് കോടതി. 2006 ൽ റോഡ് ഉപരോധിച്ച കേസിൽ എംപിഎംഎൽഎ കോടതി ജഡ്ജി അനുപം കുമാർ ത്രിപാഠിയാണ് ശിക്ഷ വിധിച്ചത്.

2006 ഏപ്രിൽ ആറിന്, രമാകാന്ത് യാദവ് 200250 അനുയായികളോടൊപ്പം ദിദാർഗഞ്ച് പോലീസ് സ്റ്റേഷനിൽ എത്തുകയും തന്റെ അനുയായികളിൽ ഒരാളെ വിട്ടയക്കാൻ അന്നത്തെ സ്റ്റേഷൻ ഹൗസ് ഓഫീസർ മധുപ് കുമാർ സിംഗിനോട് ആവശ്യപ്പെടുകയും ചെയ്തു.എന്നാൽ ഉദ്യോഗസ്ഥൻ വിസമ്മതിച്ചപ്പോൾ രമാകാന്ത് യാദവും അനുയായികളും ദിദാർഗഞ്ച്ഖേത സരായ് റോഡ് ഉപരോധിച്ചു. സംഭവത്തിൽ, രമാകാന്ത് യാദവിനും മറ്റ് രണ്ട് പേർക്കുമെതിരെ പോലീസ് കുറ്റപത്രം സമർപ്പിച്ചു. വിചാരണയ്ക്കിടെ പ്രോസിക്യൂഷൻ ആറ് സാക്ഷികളെ വിസ്തരിച്ചു. കേസ് പരിഗണിക്കുന്നതിനിടെ രണ്ട് കൂട്ടുപ്രതികളും മരിച്ചു. ഇരുവിഭാഗത്തിന്റെയും വാദങ്ങൾ കേട്ട ശേഷം, കോടതി യാദവിനെ കുറ്റക്കാരനാണെന്ന് കണ്ടെത്തി ഒരു വർഷം കഠിനതടവിന് ശിക്ഷിക്കുകയും 3,800 രൂപ പിഴ ചുമത്തുകയും ചെയ്തു.

## മാൻഹോളിൽ വീണ് രണ്ടു വയസുകാരന് ദാരുണാന്ത്യം

ഗുരുഗ്രാം: മാൻഹോളിൽ വീണ് രണ്ടു വയസുകാരന് ദാരുണാന്ത്യം. ഗുരുഗ്രാമിലെ സെക്ടർ 65ലെ ഇഫ്കോ ചൗക്കിന് സമീപമാണ് അപകടമുണ്ടായത്.

ദിൽരാജ് എന്ന കുട്ടിയാണ് മരിച്ചത്. രാജസ്ഥാൻ സ്വദേശിയായ കാലുവിന്റെ മകനാണ് മരിച്ച കുട്ടി. ഉല്ലാവാസ് പ്രദേശത്താണ് കുടുംബം താമസിച്ചിരുന്നത്.

തിങ്കളാഴ്ച രാവിലെ ഭാര്യയോടൊപ്പം ജോലി ചെയ്യുന്നതിനിടെ കാലു മകനെ മാൻഹോളിനടുത്താണ് ഇരുത്തിയത്. മാൻഹോളിന്റെ മൂടി ഭാഗികമായി മാത്രമാണ് മൂടിയിരുന്നത്. കളിക്കുന്നതിനിടെ കുട്ടി അബദ്ധത്തിൽ മാൻഹോളിനുള്ളിലേക്ക് വീഴുകയായിരുന്നു.

വിവരം ലഭിച്ചതിനെത്തുടർന്ന് പോലീസ് സ്ഥലത്തെത്തി ഒരു മണിക്കൂർ നീണ്ട പരിശ്രമത്തിനൊടുവിൽ കുട്ടിയെ പുറത്തെടുത്തു. ഉടൻതന്നെ അടുത്തുള്ള ആശുപത്രിയിലേക്ക് കൊണ്ടുപോയെങ്കിലും മരണംസംഭവിച്ചിരുന്നു.

## അനധികൃത സ്വത്ത് സമ്പാദനം; ആസാമിൽ സിവിൽ സർവീസ് ഉദ്യോഗസ്ഥയും സഹായിയും അറസ്റ്റിൽ

ഗോഹട്ടി: ആസാമിൽ അനധികൃതമായി സ്വത്ത് സമ്പാദിച്ചെന്ന കേസിൽ സിവിൽ സർവീസ് ഉദ്യോഗസ്ഥയും സഹായിയും അറസ്റ്റിൽ. കാംറപിലെ ഗോരോയ്മാരിയിൽ നിയമിതയായ നൂപുർ ബോറ എന്ന ഉദ്യോഗസ്ഥയും സഹായി ലത് മണ്ഡൽ സുരാജിത് ദേകയുമാണ് പിടിയിലായത്.

നൂപുർ ബോറയുടെ വീടുകളിൽ സ്പെഷ്യൽ വിജിലൻസ് സെൽ നടത്തിയ പരിശോധനയിൽ ഒരു കോടിയിലേറെ രൂപയും ഒരു കോടി രൂപ വിലവരുന്ന സ്വർണാഭരണങ്ങളും കണ്ടെത്തി. ഉദ്യോഗസ്ഥയുടെ ഔദ്യോഗിക വസതിയിൽ നിന്ന് മാത്രം 92 ലക്ഷം രൂപയും ഒരു കോടിയുടെ ആഭരണങ്ങളുമാണ് കണ്ടെത്തിയത്. നൂപുർ ബോറയുടെ ബാർപെട്ടയിലുള്ള വാടക വീട്ടിൽനിന്ന് 10 ലക്ഷം രൂപയും വിജിലൻസ് പിടിച്ചെടുത്തിട്ടുണ്ട്. മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമയുടെ കീഴിലുള്ള സ്പെഷ്യൽ വിജിലൻസ് സെല്ലാണ് അനധികൃത സ്വത്തുക്കൾ പിടിച്ചെടുത്തത്. ഉദ്യോഗസ്ഥയുടെ സഹായത്തോടെ ലത് മണ്ഡൽ സുരാജിത് വിവിധയിടങ്ങളിൽ ഭൂമി സ്വന്തമാക്കിയതായി നേരത്തെ കണ്ടെത്തിയിരുന്നു. ഇതിന് പിന്നാലെ ആയിരുന്നു വിജിലൻസ് നടപടി.2019ൽ ആസാമിൽ സർവീസിലെത്തിയ ഉദ്യോഗസ്ഥയ്ക്കെതിരെ നിരവധി പരാതികൾ ലഭിച്ചിരുന്നതായും ഇവർ കഴിഞ്ഞ ആറ് മാസത്തോളമായി നിരീക്ഷണത്തിലായിരുന്നതായും മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ വ്യക്തമാക്കി.

## പീഡനത്തിന് ഇരയായ പെൺകുട്ടിയുടെ കുടുംബത്തെ ഭീഷണിപ്പെടുത്താൻ യൂട്യൂബിൽ ഗാനം; പ്രതികൾ അറസ്റ്റിൽ

ഗുരുഗ്രാം: പീഡനത്തിന് ഇരയായ പെൺകുട്ടിയുടെ കുടുംബത്തെ ഭീഷണിപ്പെടുത്താൻ യൂട്യൂബിൽ ഗാനം അപ്‌ലോഡ് ചെയ്ത രണ്ടുപേർ അറസ്റ്റിൽ. ഗുരുഗ്രാമിലാണ് സംഭവം.

പ്രതികളായ അസ്ഹറുദീനും ഷഹസാദും ഒത്തുതീർപ്പിന് സമ്മർദ്ദം ചെലുത്തിയെന്ന് ആരോപിച്ച് പീഡനത്തിന് ഇരയായ പെൺകുട്ടിയുടെ കുടുംബം പരാതി നൽകിയതായി പോലീസ് പറഞ്ഞു. ഒത്തുതീർപ്പിന് വിസമ്മതിച്ചപ്പോൾ പ്രതികൾ ഒന്നിലധികം തവണ കൊലപാതക ശ്രമം നടത്തിയെന്നും കുടുംബം ആരോപിക്കുന്നു.

പീഡനക്കേസിലെ പ്രതിയുടെ കുടുംബാംഗങ്ങൾ യൂട്യൂബിൽ ഒരു ഗാനം അപ്‌ലോഡ് ചെയ്തു. ഗാനത്തിൽ ഇരയുടെയും ബന്ധുക്കളുടെയും പേര് പരാമർശിച്ച് അധിക്ഷേപകരമായ വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. ജാമ്യം അനുവദിച്ചാൽ ഇരയെ വെടിവച്ചു കൊല്ലുമെന്നും പറയുന്നുണ്ട്. കൂടാതെ ഈ ഗാനം വ്യാപകമായി പ്രചരിപ്പിച്ചുവെന്നും പോലീസ് വ്യക്തമാക്കി.

പരാതിയെത്തുടർന്ന് റോസ്ക മിയോ പോലീസ് സ്റ്റേഷനിൽ എഫ്ഐആർ രജിസ്റ്റർ ചെയ്യുകയും അസറുദീനെയും ഷഹ്സാദിനെയും അറസ്റ്റ് ചെയ്യുകയും ചെയ്തു. ഇരയുടെ കുടുംബത്തിന് സുരക്ഷയും നീതിയും ഉറപ്പാക്കുമെന്നും പോലീസ് അറിയിച്ചു.

## മദ്യലഹരിയിൽ ട്രക്കുമായി ഡ്രൈവറുടെ മരണപാച്ചിൽ; മൂന്നുപേർ കൊല്ലപ്പെട്ടു

ഭോപ്പാൽ: മധ്യപ്രദേശിൽ മദ്യലഹരിയിൽ യുവാവ് ഓടിച്ച ട്രക്ക് കാൽനട യാത്രക്കാർക്കും വാഹനങ്ങൾക്കുമിടെയിലേക്ക് ഇടിച്ചു കയറി മൂന്നുപേർ മരിച്ചു. നിരവധിപേർക്ക് പരിക്കേറ്റു. ഇൻഡോറിലെ എയർപോർട്ട് റോഡിലെ ശിക്ഷക് നഗറിലാണ് സംഭവം.

'ഡ്രൈവർ അമിതമായി മദ്യപിച്ചിരുന്നു. ആദ്യം രാമചന്ദ്ര നഗറിൽ വച്ച് രണ്ട് ബൈക്ക് യാത്രികരെ ഇടിച്ചു വീഴ്ത്തി. ഈ വാഹനങ്ങൾ വലിച്ചിഴച്ചുകൊണ്ടു പോയി, തുടർന്ന് ബഡാ ഗണപതി പ്രദേശത്തേക്ക് അപകടമായ രീതിയിൽ വാഹനം ഓടിച്ചുകൊണ്ടുപോയി. ഡ്രൈവറെ പിടികൂടി മൽഹർഗഞ്ച് പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി'. ഡെപ്യൂട്ടി പോലീസ് കമ്മീഷണർ കൃഷ്ണ ലാൽചന്ദാനി പറഞ്ഞു.

മൃതദേഹങ്ങളിൽ പലതും റോഡിൽ ചിതറിക്കിടന്നതായി ദൃക്സാക്ഷികൾ പറഞ്ഞു. പ്രദേശവാസികളും വഴിയാത്രക്കാരും ചേർന്നാണ് പരിക്കേറ്റവരെ അടുത്തുള്ള ആശുപത്രികളിൽ എത്തിച്ചത്. അപകടമുണ്ടാക്കിയ ട്രക്കിന് തീപിടിച്ചിരുന്നു. രോഷാകുലരായ നാട്ടുകാർ വാഹനം കത്തിച്ചുവെന്നാണ് പ്രാഥമിക റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. എന്നാൽ ആദ്യ അപകടത്തിന് പിന്നാലെ ട്രക്കിനടിയിൽ കുടുങ്ങിയ ബൈക്കിന്റെ ഇന്ധന ടാങ്ക് പൊട്ടിത്തെറിച്ചാണ് തീപടർന്നതെന്നും റിപ്പോർട്ടുകളുണ്ട്. സംഭവത്തിൽ മുഖ്യമന്ത്രി മോഹൻ യാദവ് അന്വേഷണത്തിന് ഉത്തരവിട്ടു.

## ആസമിൽ വംശീയ അധിക്ഷേപവുമായി ബിജെപിയുടെ എഐ വീഡിയോ; സോഷ്യൽ മീഡിയയിൽ വ്യാപക പ്രതിഷേധം

ഗോഹാട്ടി: ആസമിൽ മുസ്ലീംഗൾക്കെതിരെ വംശീയ അധിക്ഷേപവുമായി ബിജെപി സോഷ്യൽ മീഡിയയിൽ പ്രചരിപ്പിച്ച എഐ വീഡിയോ വൻ വിവാദത്തിൽ. കഴിഞ്ഞ ദിവസം ബിജെപി നേതാക്കൾ എക്സിൽ പ്രചരിപ്പിച്ച വീഡിയോ ആണ് വിവാദത്തിലായിരിക്കുന്നത്.ബിജെപിയില്ലാത്ത ആസം എന്ന പേരിലാണ് ബിജെപി എഐ വീഡിയോയിലൂടെ വംശീയ അധിക്ഷേപം നടത്തിയത്. സംഭവം വിവാദത്തിലായതിന് പിന്നാലെ സോഷ്യൽ മീഡിയയിൽ ഉൾപ്പെടെ വ്യാപക പ്രതിഷേധം ഉയരുന്നുണ്ട്. ആസമിലെ പ്രസിദ്ധമായ ഇടങ്ങൾ മുസ്ലീം ഭൂരിപക്ഷമായി മാറുന്നതായാണ് എഐ വീഡിയോയിലുള്ളത്.

ഇതുകൂടാതെ സർക്കാർ ഭൂമി മുസ്ലീം വിഭാഗം കൈയേറുന്നതായും കോൺഗ്രസ് പാർട്ടി പാകിസ്ഥാനുമായി സഖ്യത്തിലേർപ്പെടുന്നതും ദൃശ്യങ്ങളിലുണ്ട്. ബിജെപി ഇല്ലാത്ത ആസമിൽ ബീഫ് നിയമവിധേയമാക്കുമെന്ന ദൃശ്യത്തോടെയാണ് വീഡിയോ ആരംഭിക്കുന്നത്. അനധികൃത കുടിയേറ്റം വർധിക്കുമെന്നും സംസ്ഥാനത്തെ ജനസംഖ്യയിൽ 90 ശതമാനവും മുസ്ലീംഗളായി മാറുമെന്നും വീഡിയോയിലൂടെ ബിജെപി പ്രചരിപ്പിക്കുന്നു. ഇത്തരം പ്രവണതകൾക്കെതിരെ നിലകൊള്ളുന്നത് ബിജെപി മാത്രമാണെന്ന സന്ദേശം നൽകുന്ന തരത്തിലാണ് ദൃശ്യങ്ങളുടെ പ്രചരണം.

ആസമിൽ തെരഞ്ഞെടുപ്പ് അടുത്തതിന് പിന്നാലെ കോൺഗ്രസ് നേതാക്കൾക്ക് പാകിസ്ഥാനുമായി അടുത്ത ബന്ധമുണ്ടെന്ന തരത്തിലുള്ള എഐ വീഡിയോകളും നേരത്തെ സോഷ്യൽ മീഡിയകളിലൂടെ ബിജെപി പ്രചരിപ്പിച്ചിരുന്നു.

## വേണ്ടിവന്നാൽ ശത്രുക്കളെ വീട്ടിൽ കയറി ഇല്ലാതാക്കും, പുതിയ ഇന്ത്യ ഒരു ഭീഷണികളെയും ഭയക്കുന്നില്ല: പ്രധാനമന്ത്രി

ഭോപ്പാൽ: പുതിയ ഇന്ത്യ ആണവ ഭീഷണികളെ ഭയക്കുന്നില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യ ഒന്നിനേയും ഭയപ്പെടുന്നില്ല. വേണമെങ്കിൽ വീട്ടിൽ കയറി ശത്രുക്കളെ ഇല്ലാതാക്കാൻ ഇന്ത്യയ്ക്ക് കഴിയുമെന്നും പാക് സൈനിക മേധാവി അസിം മുനീറിന് പരോക്ഷ മറുപടിയായി മോദി പറഞ്ഞു. മധ്യപ്രദേശിലെ ധറിൽ പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭാരതമാതാവിന്റെ സുരക്ഷയ്ക്ക് രാജ്യം അതീവ മുൻഗണന നൽകുന്നു. പാക്കിസ്ഥാൻ ഭീകരർ നമ്മുടെ സഹോദരിമാരുടെയും പെൺമക്കളുടെയും സിന്ദൂരം നീക്കം ചെയ്തു. നമ്മൾ ഓപ്പറേഷൻ സിന്ദൂറിലൂടെ ഭീകര ക്യാമ്പുകൾ നശിപ്പിച്ചു. നമ്മുടെ ധീരരായ സായുധ സേന കണ്ണിമവെട്ടുന്ന സമയത്തിനുള്ളിൽ പാക്കിസ്ഥാനെ മുട്ടുകുത്തിച്ചെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. 75-ാം ജന്മദിനാഘോഷവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളും മധ്യപ്രദേശിൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

## ചൈന മാസ്റ്റേഴ്സ് ബാഡ്മിൻറൺ: സാത്വിക്ക് രംഗിറെഡ്ഢി- ചിരാഗ് ഷെട്ടി സഖ്യം പ്രീക്വാർട്ടറിൽ

ബെയ്ജിംഗ്: ചൈന മാസ്റ്റേഴ്സ് ബാഡ്മിൻറൺ പുരുഷ ഡബിൾസിൽ ഇന്ത്യയുടെ സാത്വിക്ക് രംഗിറെഡ്ഢി-ചിരാഗ് ഷെട്ടി സഖ്യം പ്രീക്വാർട്ടറിൽ. ഇന്ന് നടന്ന ആദ്യ റൗണ്ട് മത്സരത്തിൽ വിജയിച്ചതോടെയാണ് ഇന്ത്യൻ സഖ്യം പ്രീക്വാർട്ടറിലെത്തിയത്.

മലേഷ്യയുടെ ജുനൈദി ആരിഫ്-റോയ് കിംഗ്യാപ് സഖ്യത്തെയാണ് സാത്വിക്ക്-ചിരാഗ് സഖ്യം തോൽപ്പിച്ചത്. നേരിട്ടുള്ള ഗെയിമുകൾക്കായിരുന്നു ജയം.

സ്കോർ: 24-22,21-13.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# മോദിയുടെ ജന്മദിനം പള്ളിയിൽ നടത്താനുള്ള നീക്കത്തിൽ പ്രതിഷേധം

തൊടുപുഴ: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 75-ാം ജൻമദിനത്തോടനുബന്ധിച്ച് ബിജെപിയുടെ പോഷക സംഘടനയായ ന്യൂനപക്ഷ മോർച്ചയുടെ നേതൃത്വത്തിൽ മുതലക്കോടം സെൻറ് ജോർജ് പള്ളിയിൽ ഇന്നു നടത്താൻ നിശ്ചയിച്ചിരുന്ന ആഘോഷത്തിനെതിരെ പള്ളി കമ്മിറ്റിയും വിശ്വാസികളും രംഗത്തു വന്നതോടെ പരിപാടി ഉപേക്ഷിച്ച് സംഘാടകർ.

രാഷ്ട്രീയ ലക്ഷ്യത്തിനു വേണ്ടി പള്ളിയെ ഉപയോഗിക്കാനുള്ള നീക്കം അംഗീകരിക്കാനാവില്ലെന്ന് വികാരി ഫാ. സെബാസ്റ്റ്യൻ ആരോരിച്ചാലിൽ, കൈക്കാരൻമാരായ പോൾ വർഗീസ്, കെ. പി. മാത്യു, ജോജോ ജോസഫ് എന്നിവർ പുറത്തിറക്കിയ പ്രസ്താവനയിൽ പറഞ്ഞു. നരേന്ദ്രമോദിയുടെ ജന്മദിനം പ്രമാണിച്ചു ന്യൂനപക്ഷ മോർച്ച ഇടുക്കി നോർത്ത് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കുർബാന അർപ്പിച്ച് പാച്ചോറ് വിതരണവും കേക്ക് മുറിക്കലും ഇന്നു രാവിലെ നടത്തുമെന്നായിരുന്നു അറിയിപ്പ്.

ബിജെപി നോർത്ത് ജില്ലാ പ്രസിഡൻറ് പി. പി. സാനു, ദേശിയ ന്യുനപക്ഷ മോർച്ച ഉപാധ്യക്ഷൻ, നോബിൾ മാത്യു, ബിജെപി സംസ്ഥാന വൈസ് പ്രസിഡൻറ് ഷോൺ ജോർജ്, ന്യൂനപക്ഷ മോർച്ച ജില്ലാ പ്രസിഡൻറ് ഡോ. ജോയ് കോയിക്കക്കുടി എന്നിവർ ഉൾപ്പെടെ പങ്കെടുക്കുമെന്നും പറഞ്ഞിരുന്നു. ഇതിനായി മോദിയുടെയും നേതാക്കളുടെയും ചിത്രത്തോടൊപ്പം പള്ളിയുടെ ചിത്രവും ഉൾപ്പെടുത്തിയ പ്രചാരണ പോസ്റ്ററും പുറത്തിറക്കി. പള്ളി കമ്മിറ്റിയെ അറിയിക്കാതെയാണ് ബിജെപി ഇത്തരമൊരു പരിപാടി സംഘടിപ്പിക്കാൻ തീരുമാനിച്ചത്.

ഇതിനെതിരെയാണ് പള്ളി കമ്മിറ്റിയും വിശ്വാസികളും ശക്തമായി രംഗത്തെത്തിയിത്. ബിജെപി പ്രവർത്തകർ രാവിലെ പള്ളിയിൽ എത്തിയിരുന്നെങ്കിലും വിശ്വാസികളുടെ എതിർപ്പിനെ തുടർന്ന് മെഴുകുതിരികൾ തെളിച്ച് മടങ്ങുകയായിരുന്നു. സംഭവമറിഞ്ഞ് പോലീസും സ്ഥലത്തെത്തിയിരുന്നു. ഇത്തരത്തിൽ പരിപാടി സംഘടിപ്പിച്ചതിൽ കോതമംഗലം രൂപതയ്ക്കും മുതലക്കോടം ഇടവകയ്ക്കും ബന്ധമില്ലെന്നും പള്ളിയുടെ ചിത്രം ഉപയോഗിച്ച് പോസ്റ്റർ പുറത്തിറക്കിയതിനെ അപലപിക്കുന്നതായും വികാരി ഫാ. സെബാസ്റ്റ്യൻ ആരോരിച്ചാലിൽ അറിയിച്ചു.

# ലോകത്തുള്ള എല്ലാ രോഗങ്ങളും കേരളത്തിലുണ്ട്. എന്നിട്ടും നമ്പർ വൺ എന്ന് പറയുന്നു: വി. ഡി. സതീശൻ

തിരുവനന്തപുരം: കേരളത്തിലെ ജനങ്ങളുടെ ആരോഗ്യം അപകടകരമായ രീതിയിലേക്ക് പോകുകയാണെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ.

കോവിഡിന് ശേഷം കേരളത്തിൽ മരണനിരക്ക് അപകടകരമായ രീതിയിൽ വർധിക്കുന്നു. ലോകത്തുള്ള എല്ലാ രോഗങ്ങളും കേരളത്തിലുണ്ട്. എന്നിട്ടും നമ്പർ വൺ കേരളം എന്ന് പറയുന്നുവെന്നും അദ്ദേഹം നിയമസഭയിൽ അടിയന്തര പ്രമേയ ചർച്ചയിൽ വിമർശിച്ചു. മറ്റുള്ള സംസ്ഥാനങ്ങളേക്കാൾ മെച്ചപ്പെട്ട ആരോഗ്യസംവിധാനം, ശിശുമരണ നിരക്ക് കുറച്ചതുൾപ്പെടെയുള്ള നിരവധി നേട്ടങ്ങൾ കേരളത്തിനുണ്ട്. പക്ഷേ, ഇതെല്ലാം കഴിഞ്ഞ കുറേ വർഷങ്ങളായി സ്തംഭിച്ച അവസ്ഥയിലാണ്. കേരളം പത്തിരുപത്തഞ്ച് വർഷം പിന്നിലേക്ക് പോവുകയാണെന്നും സതീശൻ കുറ്റപ്പെടുത്തി.

സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം അതിവേഗം പടർന്നുപിടിക്കുകയാണെന്നും വീട്ടിൽ കുളിച്ചവർ പോലും രോഗം വന്ന് മരിക്കുന്നുവെന്നും പ്രതിപക്ഷം അടിയന്തര പ്രമേയത്തിലെ ചർച്ചയിൽ കുറ്റപ്പെടുത്തി.

കപ്പിത്താൻ ഉണ്ടായിട്ട് കാര്യമില്ലെന്നും കപ്പൽ മുങ്ങിയെന്നും പ്രമേയം അവതരിപ്പിച്ച പ്രതിപക്ഷ എംഎൽഎ എൻ. ഷംസുദ്ദീൻ പരിഹസിച്ചു. 100 ഓളം പേർക്ക് രോഗബാധ ഉണ്ടായി. അപൂർവമായി മാത്രം ബാധിക്കുന്ന രോഗം കേരളത്തിൽ പടർന്നു പിടിക്കുമ്പോൾ ആരോഗ്യവകുപ്പ് ഇരുട്ടിൽ തപ്പുകയാണ്. ശാസ്ത്രീയ വിശദീകരണം നൽകാൻ സർക്കാരിനാകുന്നില്ല. എങ്ങനെ പ്രതിരോധിക്കണമെന്ന് ആരോഗ്യവകുപ്പിന് അറിയില്ലെന്നും ഷംസുദീൻ കുറ്റപ്പെടുത്തി.

ആരോഗ്യവകുപ്പ് മരണനിരക്ക് പൂഴ്ത്തിവെക്കുകയാണ്. മാധ്യമങ്ങൾ വിഷയം ഉന്നയിച്ചപ്പോഴാണ് കണക്ക് പുറത്തുവിട്ടത്. പട്ടിക പരിഷ്കരിച്ചപ്പോൾ എണ്ണം 19 ആയി. ബാധിച്ചവരുടെ എണ്ണം 66 എന്നാണ് സർക്കാർ കണക്ക്. വിവരങ്ങൾ മറച്ചുവച്ച് മേനി നടിക്കാനുള്ള ശ്രമമാണ് സർക്കാരും വകുപ്പും നടത്തുന്നത്. കേരളത്തിൽ മരണനിരക്ക് കുറവാണ് എന്നാണ് പറയുന്നത്. എന്നാൽ, രോഗവ്യാപനം തടയാനാകുന്നില്ല. ഉറവിടം കണ്ടെത്തി രോഗം തടയുന്നതിൽ ആരോഗ്യവകുപ്പ് ദയനീയമായി പരാജയപ്പെട്ടു. കുളത്തിൽ കുളിച്ചവർക്കാണു രോഗം വരുന്നതെന്നാണ് പറഞ്ഞത്. എന്നാൽ വീട്ടിൽ കുളിച്ചവരും രോഗം വന്നു മരിച്ചു. പിറന്നു നാലു മാസമായ കുഞ്ഞും മരിച്ചു. നമ്പർ വൺ എന്നു പറയുമ്പോഴും പ്രതിസന്ധി നേരിടാൻ കഴിഞ്ഞില്ല. നിപയിലും മസ്തിഷ്ക ജ്വരത്തിലും ആരോഗ്യവകുപ്പ് ഇരുട്ടിൽ തപ്പുകയാണ്. എന്നിട്ടും ആരോഗ്യ മന്ത്രി പലരെയും പഴി ചാരുകയാണ്. അമീബിക് മസ്തിഷ്ക ജ്വരവുമായി ബന്ധപ്പെട്ടതല്ലാത്ത 2018ലെ റിപ്പോർട്ട് 2013ലേതാണെന്ന് പറഞ്ഞ് ഉമ്മൻചാണ്ടിയെ പഴിചാരി കെ. കെ. ശൈലജയെ അടിക്കാനുള്ള സൂത്രമാണ് ആരോഗ്യമന്ത്രി പ്രയോഗിച്ചത്. പരസ്പരം പഴിചാരി, തന്റെ കാലത്ത് എല്ലാം ശരിയാണെന്നു വരുത്തുകയാണോ മന്ത്രി ചെയ്യേണ്ടതെന്നും ഷംസുദീൻ ചോദിച്ചു.

# 'വീട്ടിൽ കുളിച്ചവർക്കുപോലും രോഗം; കപ്പിത്താൻ ഉണ്ടായിട്ട് കാര്യമില്ല, കപ്പൽ മുങ്ങി': രൂക്ഷവിമർശനവുമായി പ്രതിപക്ഷം

തിരുവനന്തപുരം: സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം വ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിനും ആരോഗ്യവകുപ്പിനുമെതിരെ രൂക്ഷ വിമർശനവുമായി പ്രതിപക്ഷം. സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം അതിവേഗം പടർന്നുപിടിക്കുകയാണെന്നും വീട്ടിൽ കുളിച്ചവർ പോലും രോഗം വന്ന് മരിക്കുന്നുവെന്നും പ്രതിപക്ഷം നിയമസഭയിലെ അടിയന്തര പ്രമേയത്തിലെ ചർച്ചയിൽ കുറ്റപ്പെടുത്തി.

കപ്പിത്താൻ ഉണ്ടായിട്ട് കാര്യമില്ലെന്നും കപ്പൽ മുങ്ങിയെന്നും പ്രമേയം അവതരിപ്പിച്ച പ്രതിപക്ഷ എംഎൽഎ എൻ. ഷംസുദ്ദീൻ പരിഹസിച്ചു. 100 ഓളം പേർക്ക് രോഗബാധ ഉണ്ടായി. അപൂർവമായി മാത്രം ബാധിക്കുന്ന രോഗം കേരളത്തിൽ പടർന്നു പിടിക്കുമ്പോൾ ആരോഗ്യവകുപ്പ് ഇരുട്ടിൽ തപ്പുകയാണ്. ശാസ്ത്രീയ വിശദീകരണം നൽകാൻ സർക്കാരിനാകുന്നില്ല. എങ്ങനെ പ്രതിരോധിക്കണമെന്ന് ആരോഗ്യവകുപ്പിന് അറിയില്ലെന്നും ഷംസുദീൻ കുറ്റപ്പെടുത്തി.

ആരോഗ്യവകുപ്പ് മരണനിരക്ക് പൂഴ്ത്തിവെക്കുകയാണ്. മാധ്യമങ്ങൾ വിഷയം ഉന്നയിച്ചപ്പോഴാണ് കണക്ക് പുറത്തുവിട്ടത്. പട്ടിക പരിഷ്കരിച്ചപ്പോൾ എണ്ണം 19 ആയി. ബാധിച്ചവരുടെ എണ്ണം 66 എന്നാണ് സർക്കാർ കണക്ക്. വിവരങ്ങൾ മറച്ചുവച്ച് മേനി നടിക്കാനുള്ള ശ്രമമാണ് സർക്കാരും വകുപ്പും നടത്തുന്നത്. കേരളത്തിൽ മരണനിരക്ക് കുറവാണ് എന്നാണ് പറയുന്നത്. എന്നാൽ, രോഗവ്യാപനം തടയാനാകുന്നില്ല. ഉറവിടം കണ്ടെത്തി രോഗം തടയുന്നതിൽ ആരോഗ്യവകുപ്പ് ദയനീയമായി പരാജയപ്പെട്ടു. കുളത്തിൽ കുളിച്ചവർക്കാണു രോഗം വരുന്നതെന്നാണ് പറഞ്ഞത്. എന്നാൽ വീട്ടിൽ കുളിച്ചവരും രോഗം വന്നു മരിച്ചു. പിറന്നു നാലു മാസമായ കുഞ്ഞും മരിച്ചു. നമ്പർ വൺ എന്നു പറയുമ്പോഴും പ്രതിസന്ധി നേരിടാൻ കഴിഞ്ഞില്ല.

നിപയിലും മസ്തിഷ്ക ജ്വരത്തിലും ആരോഗ്യവകുപ്പ് ഇരുട്ടിൽ തപ്പുകയാണ്. എന്നിട്ടും ആരോഗ്യ മന്ത്രി പലരെയും പഴി ചാരുകയാണ്. അമീബിക് മസ്തിഷ്ക ജ്വരവുമായി ബന്ധപ്പെട്ടതല്ലാത്ത 2018ലെ റിപ്പോർട്ട് 2013ലേതാണെന്ന് പറഞ്ഞ് ഉമ്മൻചാണ്ടിയെ പഴിചാരി കെ. കെ. ശൈലജയെ അടിക്കാനുള്ള സൂത്രമാണ് ആരോഗ്യമന്ത്രി പ്രയോഗിച്ചത്. പരസ്പരം പഴിചാരി, തന്റെ കാലത്ത് എല്ലാം ശരിയാണെന്നു വരുത്തുകയാണോ മന്ത്രി ചെയ്യേണ്ടതെന്നും ഷംസുദീൻ ചോദിച്ചു.

# സംസ്ഥാന സർക്കാരിന് ആശ്വാസം; ആഗോള അയ്യപ്പസംഗമം നടത്താമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ആഗോള അയ്യപ്പസംഗമത്തിന് അനുമതി നൽകി സുപ്രീംകോടതി. അയ്യപ്പസംഗമം നടത്താമെന്നുള്ള ഹൈക്കോടതിയുടെ ഉത്തരവിൽ ഇടപെടാനില്ലെന്നും സുപ്രീംകോടതി വ്യക്തമാക്കി. ആഗോള അയ്യപ്പ സംഗമത്തിന്റെ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കാൻ പാടില്ല എന്നും സുപ്രീംകോടതി ഉത്തരവിൽ പറയുന്നു. മാത്രമല്ല സംഗമവുമായി ബന്ധപ്പെട്ട് എന്ത് പ്രശ്നം വന്നാലും ഉത്തരവാദിത്തം ദേവസ്വം ബോർഡിനായിരിക്കുമെന്നും സുപ്രീംകോടതി വ്യക്തമാക്കി. പരാതിയുണ്ടെങ്കിൽ ഹൈക്കോടതിയെ സമീപിക്കണമെന്നും ഹൈക്കോടതിയുടെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കണം അയ്യപ്പ സംഗമം നടത്താൻ എന്നും സുപ്രീംകോടതി ഉത്തരവിട്ടു.

അയ്യപ്പസംഗമത്തിനെതിരെയുള്ള ഹർജികൾ തള്ളിക്കൊണ്ടാണ് സുപ്രീംകോടതി ഉത്തരവിറക്കിയത്. അയ്യപ്പ സംഗമത്തിനുള്ള നടപടികൾ നിർത്തിവയ്ക്കണമെന്ന ആവശ്യമാണ് ഹർജിക്കാർ ഉന്നയിച്ചിരുന്നത്. ജസ്റ്റിസ് പി. എസ്. നരസിംഹ, ജസ്റ്റിസ് എ. എസ്. ചന്ദുർക്കർ എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജി പരിഗണിച്ചത്.

സംഗമത്തിന് പിന്നിൽ രാഷ്ട്രീയലക്ഷ്യമുണ്ടെന്നാണ് ഹർജിക്കാർ വാദിച്ചിരുന്നത്.

ഹൈക്കോടതിയിലെ ഹർജിക്കാരായ വി. സി. അജികുമാറും അജീഷ് ഗോപിയും കൂടാതെ ഡോ. പി. എസ്. മഹേന്ദ്രകുമാറുമാണ് സുപ്രീംകോടതിയെ സമീപിച്ചിരുന്നത്. കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡും തടസ ഹർജി ഫയൽ ചെയ്തിരുന്നു.

## മലപ്പുറത്ത് കഞ്ചാവ് മിഠായികളുമായി വിദ്യാർത്ഥികളെ പിടികൂടി എക്സൈസ്; ലഹരി വിൽപന മുറുക്കാൻ കടയുടെ മറവിൽ

മലപ്പുറം: വഴിക്കടവ് ആനമറി എക്സൈസ് ചെക്ക് പോസ്റ്റിൽ കഞ്ചാവ് മിഠായികളുമായി ബൈക്കിലെത്തിയ രണ്ട് വിദ്യാർത്ഥികളെ പിടികൂടി. ജിഷാദ് (19), മുഹമ്മദ് കാസിം (18) എന്നിവരാണ് എക്സൈസ് സംഘത്തിന്റെ പിടിയിലായത്. ഗൂഡല്ലൂർ സ്വദേശികളായ ഇരുവരും മഞ്ചേരിയിലാണ് പഠിക്കുന്നത്. ഇവർ സഞ്ചരിച്ചിരുന്ന ബൈക്കും എക്സൈസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. മിഠായികൾക്ക് സമാനമായി പാക്കറ്റുകളിലാക്കിയ നിലയിൽ 125 ഗ്രാം കഞ്ചാവ് മിഠായികളാണ് പ്രതികളിൽ നിന്ന് കണ്ടെത്തിയത്. മഞ്ചേരിയിലെ ഒരു മുറുക്കാൻ കടയിൽ നിന്നാണ് മിഠായികൾ വാങ്ങിയതെന്ന് വിദ്യാർത്ഥികൾ എക്സൈസിന് മൊഴി നൽകി. ഇതേ തുടർന്ന് എക്സൈസ് സംഘം മുറുക്കാൻ കടയിൽ നടത്തിയ പരിശോധനയിൽ കൂടുതൽ കഞ്ചാവ് മിഠായികൾ കടയിൽ നിന്ന് പിടിച്ചെടുത്തിട്ടുണ്ട്. കഞ്ചാവ് മിഠായികളുടെ പാക്കറ്റിൽ ഛത്തിസ്ഗഢിലെ ഒരു സ്ഥാപനത്തിന്റെ മേൽവിലാസമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എക്സൈസ് പിടിച്ചെടുത്ത ലഹരി വസ്തുക്കൾ ശാസ്ത്രീയ പരിശോധനയ്ക്കായി കോഴിക്കോട് റീജനൽ ലബോറട്ടറിയിലേക്ക് അയച്ചു.

## ഭക്ഷണത്തിന് രുചിയില്ല; പോലീസ് ഉദ്യോഗസ്ഥയെ ഭർത്താവ് മർദിച്ച് കൊലപ്പെടുത്തി

സിധി: ഭക്ഷണത്തിന് രുചിയില്ലെന്ന് ആരോപിച്ച് പോലീസ് ഉദ്യോഗസ്ഥയെ ഭർത്താവ് ബേസ് ബോൾ ബാറ്റിന് മർദിച്ച് കൊലപ്പെടുത്തി. മധ്യപ്രദേശിലെ സിധിയിലെ പോലീസ് ക്വാർട്ടേഴ്സിലാണ് സംഭവം നടന്നത്. മധ്യപ്രദേശ് പോലീസിലെ ഹെഡ് കോൺസ്റ്റബിൾ സവിത സാകേത് ആണ് കൊല്ലപ്പെട്ടത്. കഴിഞ്ഞ ദിവസം രാത്രിയാണ് സവിതയുണ്ടാക്കിയ ഭക്ഷണം രുചികരമല്ലെന്ന് ആരോപിച്ച് ഭർത്താവ് വീരേന്ദ്ര സാകേത് ബേസ് ബോൾ ബാറ്റിന് മർദിച്ചത്. വീരേന്ദ്ര സാകേത് സവിതയുമായി ഇതേ ചൊല്ലി വഴക്കിടുന്നതിനിടയിൽ ഇവരുടെ മകൾ സഹായം അഭ്യർത്ഥിച്ച് അയൽവീട്ടുകാരെ സമീപിച്ചു. ഇതേ തുടർന്ന് അയൽവാസികളും പെൺകുട്ടിയും വീട്ടിലെത്തുന്പോൾ മർദനത്തെ തുടർന്ന് രക്തത്തിൽ കുളിച്ച് കിടക്കുന്ന സവിതയെയാണ് കണ്ടത്. ഉടൻതന്നെ അയൽവാസികൾ പോലീസിൽ വിവരം അറിയിച്ചു. പോലീസ് സ്ഥലത്തെത്തുന്പോഴേക്കും പ്രതി വീരേന്ദ്ര സാകേത് രക്ഷപ്പെട്ടിരുന്നു. സവിതയെ ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. സവിതയുടെ കുട്ടികൾക്ക് അടിയന്തര ധനസഹായമായി 1 ലക്ഷം രൂപ നൽകിയതായി റെവാ റേഞ്ച് ഡിഐജി ഹേമന്ത് ചൗഹൻ അറിയിച്ചു. സംഭവ സ്ഥലത്ത് നിന്ന് പോലീസ് ആക്രമണത്തിന് ഉപയോഗിച്ച ബേസ് ബോൾ ബാറ്റ് പോലീസ് കണ്ടെത്തിയിട്ടുണ്ട്. സവിതയുടെ മൃതദേഹം സംസ്ഥാന ബഹുമതികളോടെ സംസ്കരിക്കും. പ്രതിയ്ക്കായി അന്വേഷണം ഊർജിതമാക്കിയതായി മധ്യപ്രദേശ് പോലീസ് വ്യക്തമാക്കി.

# മകളുടെ അശ്ലീല ചിത്രങ്ങൾ പകർത്തി ബ്ലാക്ക്മെയിൽ ചെയ്ത യുവാവിനെ കൊന്നു; ഒന്നര വർഷത്തിനുശേഷം പിതാവ് അറസ്റ്റിൽ

ആഗ്ര: ആഗ്രയിൽ ഒന്നര വർഷം മുന്പ് നടന്ന യുവാവിന്റെ കൊലപാതകത്തിൽ പ്രതിയെ പിടികൂടി പോലീസ്. മകളുടെ അശ്ലീല ചിത്രങ്ങൾ പകർത്തി ബ്ലാക്ക്മെയിലിംഗ് നടത്തിയ രാകേഷ് സിംഗിനെ കൊന്ന പിതാവ് ദേവീറാമിനെയാണ് പോലീസ് അറസ്റ്റ് ചെയ്തത്. ഡ്രമ്മിൽ ഇട്ട് കത്തിച്ച നിലയിലായിരുന്നു മൃതദേഹം. ഡിഎൻഎ പരിശോധനയുടെ അടിസ്ഥാനത്തിലാണ് കൊല്ലപ്പെട്ടത് രാകേഷ് ആണെന്ന് തിരിച്ചറിഞ്ഞത്. തുടർന്ന് ദേവീറാമിനെ അറസ്റ്റ് ചെയ്യുകയായിരുന്നു. ആഗ്ര-ഗ്വാളിയർ റോഡിൽ കബൂൽപുരിൽ മധുരപലഹാര കട നടത്തുകയായിരുന്നു ദേവിറാം. പ്രദേശവാസിയായ രാകേഷ് സിംഗ് ദേവിറാമിന്റെ മകൾ കുളിക്കുന്ന ദൃശ്യം രഹസ്യമായി പകർത്തുകയും തുടർന്ന് പെൺകുട്ടിയെ ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു. പെൺകുട്ടി ഇക്കാര്യം പിതാവിനോട് പറയുകയും രാകേഷിനെ തന്റെ കടയിലേക്ക് വിളിച്ചുവരുത്തി കൊലപ്പെടുത്തുകയുമായിരുന്നു.

മൃതദേഹം തന്റെ അനന്തരവന്റെ സഹായത്തോടെ ഡ്രമ്മിലിട്ട് കത്തിക്കുകയും നദിയിൽ വീണ് മരിച്ചതാണെന്ന് വരുത്തിതീർക്കാൻ രാകേഷിന്റെ വാഹനം നദിക്കരയിൽ ഉപേക്ഷിക്കുകയും ചെയ്തു. ഇതിനിടെ രാകേഷിനെ കാണാനില്ലെന്ന് കാണിച്ച് ബന്ധുക്കൾ പരാതി നൽകുകയും തുടർന്ന് ഡിഎൻഎ പരിശോധനയുടെ അടിസ്ഥാനത്തിൽ മരിച്ചത് രാകേഷാണെന്ന് പോലീസ് സ്ഥിരീകരിക്കുകയുമായിരുന്നു.

രാകേഷും ദേവിറാമും തമ്മിൽ നടത്തിയ ഫോൺ വിളികളുടെ രേഖകൾ പരിശോധിച്ച പോലീസ് പ്രതി ദേവീറാമാണെന്ന് സ്ഥിരീകരിക്കുകയായിരുന്നു. കൊലപാതകത്തിന് സഹായിച്ച ദേവീറാമിന്റെ അനന്തരവൻ നൃത്യ കിഷോറിനെ പോലീസ് തെരയുകയാണ്.

## ആഗോള അയ്യപ്പ സംഗമത്തിൽ പങ്കെടുക്കില്ല; നിലപാട് വ്യക്തമാക്കി പന്തളം കൊട്ടാരം നിർവാഹകസംഘം

പത്തനംതിട്ട: ആഗോള അയ്യപ്പ സംഗമത്തിൽ പങ്കെടുക്കില്ലെന്ന് വ്യക്തമാക്കി പന്തളം കൊട്ടാരം പ്രതിനിധികൾ. പത്രക്കുറിപ്പിലൂടെയാണ് പന്തളം കൊട്ടാരം നിർവാഹകസംഘം ഇക്കാര്യം വ്യക്തമാക്കിയത്. കുടുംബാംഗങ്ങളുടെ മരണത്തെ തുടർന്നാണ് ആഗോള അയ്യപ്പ സംഗമത്തിൽ പങ്കെടുക്കാൻ സാധിക്കാത്തതെന്നാണ് വിശദീകരണം. മരണത്തെ തുടർന്നുള്ള അശുദ്ധി നിലനിൽക്കുന്നതിനാൽ ചടങ്ങിൽ പങ്കെടുക്കില്ലെന്നാണ് നിർവാഹകസംഘം സെക്രട്ടറി എം. ആർ. എസ് വർമ്മ പത്രക്കുറിപ്പിൽ വ്യക്തമാക്കിയത്. അശുദ്ധി 27വരെ ഉണ്ടാകുമെന്നും അതുവരെ ആചാരപ്രകാരം നിലയ്ക്കലിന് അപ്പുറം പോകാൻ കൊട്ടാരം അംഗങ്ങൾക്ക് കഴിയില്ലെന്നും പത്രക്കുറിപ്പിൽ വ്യക്തമാക്കുന്നു. ശനിയാഴ്ചയാണ് പന്പയിൽ ആഗോള അയ്യപ്പ സംഗമം നടക്കുക. അതേസമയം 2018ൽ ശബരിമല പ്രക്ഷോഭ കാലത്തെടുത്ത കേസുകൾ പിൻവലിക്കാത്തതിലെ അതൃപ്തിയും പത്രക്കുറിപ്പിൽ ചൂണ്ടിക്കാട്ടുന്നു. ദേവസ്വംബോർഡ് പ്രസിഡൻറ് പി. എസ്. പ്രശാന്ത് പന്തളം കൊട്ടാരം സന്ദർശിച്ചപ്പോൾ നിർവാഹകസംഘം ഭാരവാഹികൾ ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു. എന്നാൽ കേസുകളിൽ മുൻനിലപാട് ആവർത്തിച്ച സർക്കാർ തീരുമാനം

# മില്ലേനിയലുകൾക്കുള്ള ഇന്ത്യയിലെ മികച്ച 50 ഇടത്തരം തൊഴിലിടങ്ങളുടെ പട്ടികയിൽ റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസ്

തിരുവനന്തപുരം: മില്ലേനിയലുകൾക്കായുള്ള ഇന്ത്യയിലെ മികച്ച 50 തൊഴിലിടങ്ങളുടെ (മിഡ്-സൈസ് വിഭാഗം) പട്ടികയിൽ ഇടം നേടി ടെക്നോപാർക്കിലെ ആഗോള ഐടി സൊല്യൂഷൻസ് സേവന ദാതാവായ റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസ്. മികച്ച തൊഴിലിട സംസ്കാരമുള്ള സ്ഥാപനങ്ങൾക്ക് അംഗീകാരം നല്കുന്ന ആഗോള അതോറിറ്റിയായ ഗ്രേറ്റ് പ്ലേസ് ടു വർക്ക് (ജിപിറ്റിഡബ്ല്യു) പട്ടികയിലാണ് കമ്പനി ഇടം പിടിച്ചത്.

തുടർച്ചയായ രണ്ട് വർഷം ഗ്രേറ്റ് പ്ലേസ് ടു വർക്ക് (ജിപിറ്റിഡബ്ല്യു) സർട്ടിഫിക്കേഷൻ കമ്പനിയ്ക്ക് ലഭിച്ചിട്ടുണ്ട്. മികച്ച തൊഴിലിട സംസ്കാരമുള്ള ഇന്ത്യയിലെ 50 ഇടത്തരം കമ്പനികളുടെ പട്ടികയിലെത്താനും റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസിന് സാധിച്ചു.

മില്ലേനിയലുകൾക്കായുള്ള ഇന്ത്യയിലെ മികച്ച 50 തൊഴിലിടങ്ങളുടെ (മിഡ്-സൈസ് വിഭാഗം) ഗ്രേറ്റ് പ്ലേസ് ടു വർക്കിൻറെ പട്ടികയിൽ ഇടം നേടിയത് ജീവനക്കാരെ പിന്തുണയ്ക്കുന്നതിനും മികച്ച തൊഴിലിട അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള പ്രതിബദ്ധത വർദ്ധിപ്പിക്കുന്നതായി റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസ് പീപ്പിൾ ആൻഡ് കൾച്ചർ മേധാവി ഉഷ ചിറയിൽ പറഞ്ഞു. ജീവനക്കാരെ വിലമതിക്കുന്നതിനൊപ്പം നേതൃത്വഗുണം വളർത്തിയെടുക്കുന്നതിനും എല്ലാവരേയും ഉൾക്കൊള്ളുന്നതിനുമുള്ള ശ്രമങ്ങൾക്കുള്ള അംഗീകാരമാണിതെന്നും അവർ കൂട്ടിച്ചേർത്തു.

കമ്പനികളിലെ ജീവനക്കാർക്കിടയിൽ നടത്തുന്ന അഭിപ്രായ സർവേയെ അടിസ്ഥാനമാക്കിയാണ് ജിപിറ്റിഡബ്ല്യു സർട്ടിഫിക്കേഷൻ ലഭിക്കുക. ആഗോളതലത്തിൽ അംഗീകരിക്കപ്പെടുന്ന സർവേ രീതിയായ ട്രസ്റ്റ് ഇൻഡക്സ്, കൾച്ചർ ഓഡിറ്റ് എന്നിവയുടെ സ്കോർ പരിഗണിച്ചാണ് കമ്പനിക്ക് അംഗീകാരം ലഭിച്ചത്.

ജീവനക്കാർക്ക് കമ്പനിയിൽ നിന്ന് ലഭിക്കുന്ന മികച്ച അനുഭവങ്ങൾ, സേവനങ്ങളുടെ ഗുണനിലവാരം തുടങ്ങിയവയ്ക്ക് പുറമേ മില്ലേനിയൽസ് ജീവനക്കാരുടെ തൊഴിലിട അനുഭവവും ട്രസ്റ്റ് ഇൻഡക്സ്, കൾച്ചർ ഓഡിറ്റ് സർവേയിൽ പഠനവിധേയമാക്കിയിരുന്നു.

ലോകത്തിലെ ഏറ്റവും മികച്ച ബ്രാൻഡുകളുടെ സാങ്കേതിക നവീകരണത്തിൽ പങ്കാളിയാകുന്ന നിർമ്മിതബുദ്ധി അധിഷ്ഠിത നൂതന ഡിജിറ്റൽ എഞ്ചിനീയറിംഗ് കമ്പനിയാണ് 2008-ൽ സ്ഥാപിതമായ റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസ്. ഡിജിറ്റൽ പരിവർത്തനം, കൃത്രിമ ബുദ്ധി, വിവരസുരക്ഷ എന്നിവയിൽ വൈദഗ്ദ്ധ്യമുള്ള ആഗോള സാങ്കേതിക നവീകരണ സേവന ദാതാവാണിത്.

മികച്ച തൊഴിലിട സംസ്കാരമുള്ള സ്ഥാപനങ്ങൾക്ക് അംഗീകാരം നല്കുന്ന ആഗോള അതോറിറ്റിയാണ് ഗ്രേറ്റ് പ്ലേസ് ടു വർക്ക്. ജീവനക്കാർക്കിടയിൽ മികച്ച പോസിറ്റീവ് അനുഭവങ്ങളും നേതൃത്വവും നല്കുന്ന നേതൃനിരയിലുള്ളവർക്കും സ്ഥാപനങ്ങൾക്കും ഇതിലൂടെ അംഗീകാരം ലഭിക്കുന്നു. ബിസിനസും ജീവിതവും സമൂഹവും മെച്ചപ്പെടുത്തുന്നതിനും അതിനു സഹായകമായ സംസ്കാരങ്ങളെ വളർത്തിയെടുക്കുന്നതിനും ഇത് സഹായകമാണ്.

# വിദ്യാർത്ഥികൾക്കായി ഗൊയ്ഥെ സെൻട്രം മോഡൽ ജർമ്മൻ പാർലമെൻറ് സംഘടിപ്പിക്കും

തിരുവനന്തപുരം : ജർമ്മൻ പാർലമെൻറ് പ്രവർത്തനത്തെക്കുറിച്ച് വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി പേയാട് ഗ്രീൻവാലി പബ്ലിക് സ്കൂളുമായി സഹകരിച്ച് ജർമ്മൻ സാംസ്കാരിക കേന്ദ്രമായ ഗൊയ്ഥെ സെൻട്രം മോഡൽ ജർമ്മൻ പാർലമെൻറ് സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 20,21 തീയതികളിൽ പേയാട് ഗ്രീൻ വാലി പബ്ലിക് സ്കൂളിലാണ് പരിപാടി.

സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരിപാടിയിൽ പങ്കെടുക്കാം. പരിപാടിയുടെ ഭാഗമായി ജർമ്മൻ പാർലമെന്റായ ബുണ്ടെസ്റ്റാഗിൻറെ മാതൃക സ്കൂളിൽ സൃഷ്ടിക്കും. ജർമ്മനിയിലെ ഇരട്ട ബാലറ്റ് സംവിധാനം, ബഹുകക്ഷിപാർട്ടി ജനാധിപത്യം തുടങ്ങിയവയെക്കുറിച്ച് മനസ്സിലാക്കാൻ മോഡൽ ജർമ്മൻ പാർലമെന്റിലൂടെ വിദ്യാർത്ഥികൾക്ക് സാധിക്കും. പാർലമെൻറ് അംഗങ്ങളുടേയും പാർട്ടി നേതാക്കളുടെയും നയരൂപീകരണക്കാരുടെയും ചുമതലകൾ വിദ്യാർത്ഥികൾ ഏറ്റെടുക്കും. ചാൻസലറെ തിരഞ്ഞെടുക്കുന്നതുൾപ്പെടെയുള്ള ജർമ്മൻ പാർലമെൻറ് നടപടിക്രമങ്ങളിൽ വിദ്യാർത്ഥികൾക്ക് ഭാഗമാകാനാകും.

ഓരോ സ്കൂളിൽ നിന്നും നാല് പ്രതിനിധികൾക്ക് പുറമെ റിപ്പോർട്ടർ, ഫോട്ടോ ജേണലിസ്റ്റ് എന്നിവരുൾപ്പെടെ ആറ് വിദ്യാർത്ഥികൾക്ക് പരിപാടിയിൽ പങ്കെടുക്കാം. മാധ്യമപ്രവർത്തകരായി പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് പാർലമെൻറ് റിപ്പോർട്ടിംഗ്, സംക്ഷിപ്ത വിവരണം, അഭിമുഖങ്ങൾ എന്നിവ നടത്താനുള്ള അവസരമുണ്ട്. പങ്കെടുക്കുന്ന സ്കൂളുകളുടെ രജിസ്ട്രേഷൻ പൂർത്തിയായി.

ക്രൈസ്റ്റ് നഗർ ഇന്റർനാഷണൽ, ഗുഡ് ഷെപ്പേർഡ്, സർവോദയ ഐഎസിഎസ്ഇ, ഭാരതീയ വിദ്യാഭവൻ, ലയോള, ക്രൈസ്റ്റ് നഗർ ഇഎച്ച്എസ്എസ്, ഓക്സ്ഫോർഡ് സ്കൂൾ, ട്രിവാൻഡ്രം ഇന്റർനാഷണൽ, ലെകോൾ ചെമ്പക ഐസിഎസ്ഇ, ലെകോൾ ചെമ്പക ഇന്റർനാഷണൽ, വിമല ഹൃദയ ഐ സി സ് സി, ക്രൈസ്റ്റ് നഗർ മാറനല്ലൂർ, ക്രൈസ്റ്റ് നഗർ ഐസിഎസ്ഇ ഗേൾസ് ഹയർസെക്കൻഡറി, ഭവൻസ് എളമക്കര, വിശ്വജ്യോതി, സെന്റ് തോമസ് സെൻട്രൽ സ്കൂൾ എൽഎംഎസ്, പട്ടം ഗവ. മോഡൽ ഗേൾസ് ഹയർസെക്കന്ററി സ്കൂൾ എന്നീ സ്കൂളുകളാണ് പരിപാടിയിൽ പങ്കെടുക്കുന്നത്.

'ജർമ്മനിയുടെ മുന്നോട്ടുള്ള പാത: അഭയാർത്ഥി സംരക്ഷണവും കുടിയേറ്റ സംയോജനവും സന്തുലിതമാക്കൽ' എന്നതാണ് മോഡൽ പാർലമെന്റിൻറെ അജണ്ട. പേയാട് ഗ്രീൻ വാലി ഇന്റർനാഷണൽ സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥിയും ഗൊയ്ഥെ-സെൻട്രത്തിലെ ബി1 വിദ്യാർത്ഥിയുമായ ആദിത്യ സുന്ദരേശനാണ് ഈ ആശയത്തിനു പിന്നിൽ.അക്കാദമിക് സംരംഭങ്ങൾ സംഘടിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വിദ്യാർത്ഥികളുടെ നേതൃത്വത്തിലുള്ള സംരംഭമായ ടീം ഇഗ്നൈറ്റും പരിപാടിയിൽ പങ്കാളിയാണ്.